ഓരോ സന്ദർഭത്തിലും പെൻസിലിന്റെ ചലനം എപ്രകാരമായിരുന്നു?

സന്ദർഭം

1. ......................
2. ...................…
3. .....................

- ഗ്രൂപ്പിന്റെഅവതരണം - വിലയിരുത്തൽ

# C A T A L Y S T

നിലമ്പൂർ സബ്ജില്ലാ സയൻസ് ക്ലബ്ബിന്റെയും ബി.ആർ.സി നിലമ്പൂരിന്റെയും സംയുക്ത സംരംഭം

## പാഠാസൂത്രണ രേഖ സയൻസ് ക്ലാസ്സ് 6

ചിത്ര നിരീക്ഷണം

(TB – 49) ചിത്രങ്ങൾ നിരീക്ഷിക്കുക.

- കയറിൽ കെട്ടിയകല്ല് വട്ടത്തിൽ കറക്കുന്നു.
- പമ്പരം കറങ്ങുന്നു.
- ചക്രം കറക്കുന്നു.
- ലിഫ്റ്റ് ഉയരുന്നു.
- വൃത്ത പാതയിലൂടെ കളിത്തീവ ി ഓടുന്നു.

➢ പെൻസിലിന്റേയും , പന്തിന്റേയും ചലനങ്ങളുമായി സമാനതകളുള്ളവ കണ്ടെത്തി കൂട്ടങ്ങളാക്കുക.

➢ പട്ടികപ്പെടുത്തൽ - അവതരണം - ക്രോഡീകരണം

ക്രോഡീകരണം

| | | |
|---|---|---|
| • പെൻസിൽ കൂർപ്പിക്കുന്നു<br>• പമ്പരം കറക്കുന്നു<br>• പന്ത് പമ്പരം പോലെ കറക്കുന്നു<br>CD 4 (3) rotation | • വൃത്തം വരയ്ക്കുന്നു<br>• കയറിൽ കെട്ടിയ കല്ല് വട്ടത്തിൽ കറക്കുന്നു<br>CD4 (4) circular motion | • നേർരേഖ വരയ്ക്കുന്നു<br>• മാമ്പഴം ഞെട്ടറ്റ് വീഴുന്നു<br>• പന്ത് താഴേക്ക് വീഴുന്നു<br>• ലിഫ്റ്റ് ഉയരുന്നു<br>CD 4 (5) linear motion |

➢ ഓരോ കൂട്ടത്തിന്റേയും സമാനതയും വ്യത്യാസവും കണ്ടെത്തുക

➢ നിരീക്ഷണം - ചർച്ച - അവതരണം

ക്രോഡീകരണം

# C A T A L Y S T

നിലമ്പൂർ സബ്ജില്ലാ സയൻസ് ക്ലബ്ബിന്റെയും ബി.ആർ.സി നിലമ്പൂരിന്റെയും സംയുക്ത സംരംഭം

## പാഠാസൂത്രണ രേഖ സയൻസ് ക്ലാസ്സ് 6

| |
|---|
| ഒരുവസ്തുവിന്റെ , നേർ രേഖയിലുള്ള ചലനം . സ്വന്തം അക്ഷരത്തെ |
| അടിസ്ഥാനമാക്കിയുള്ള ചലനം - ഭ്രമണം |
| വൃത്താകാരപാതയിലെ ചലനം - വർത്തുള ചലനം |

2. ചലനം ഇങ്ങനെയും

- ഊഞ്ഞാലിലാടിയിട്ടുേ ാ?
- ഊഞ്ഞെലിന്റെ ചലനം ഇവയിലേതാണ്?
- ഊഞ്ഞാലിന്റെ ചലനത്തിനു സമാനമായ മറ്റ് ചലനങ്ങൾ ക ത്താമോ?

| |
|---|
| ക്ലോക്കിലെ പെൻഡുലം , തൂക്കിയിട്ട തൂക്കുവിളക്ക്..... |

| |
|---|
| വസ്തു ഒരു തുലന സ്ഥാനത്തെ ആസ്പദമാക്കി |
| ഇരുവശങ്ങളിലേക്കും ചലിക്കുന്നതാണ് ദോലനം. |
| CD 4 (6) oscillation |

- ദോലനത്തിന് കൂടുതൽ ഉദാഹരണങ്ങൾ ക ത്താമോ?
- ഹസീബിന്റെ സംശയം (ടി. ബി)
- വൈപ്പറിന്റെ ചലനം ദോലനമാണോ?
- ചർച്ച

  സൂചകങ്ങൾ: (1) ഒരുതുലന സ്ഥാനത്തെ ആസ്പദമാക്കിയാണോ ചലിക്കുന്നത്!

  (2) ഇരു വശത്തേക്കും ചലിക്കുന്നുേ ാ?

| |
|---|
| ക്രോഡീകരണം |
| ഒരു തുലന സ്ഥാനത്തെ ആസ്പദമാക്കി ഇരു വശത്തേക്കും |
| ചലിക്കുന്നതെല്ലാം ദോലനമാണ്. |

3. ദോലനം ഇങ്ങനെയും

- ട്യൂണിങ്ഫോർക്ക് ഉത്തേജിപ്പിക്കുന്നു
- വലിച്ചു പിടിച്ച റബ്ബർ ബാന്റിൽ തട്ടുന്നു

- ഊഞ്ഞാലാട്ടത്തിൽ നിന്ന് എന്താണ് ഇവയുടെ വ്യത്യാസം ?
- പ്രധാന വത്യാസം വേഗത കൂടുതലാണെന്നതാണ്.

| |
|---|
| ദ്രുതഗതിയിലുള്ള ദോലനങ്ങളാണ് കമ്പനം (VIBRATION) |
| CD 4 (7) rotation |

കമ്പനത്തിന് കൂടുതൽ ഉദാഹരണങ്ങൾ ക     ത്തുക - ICT – Edubuntu –

വിവിധതരം ചലനങ്ങൽ

4.കളിപ്പാട്ടം നിർമ്മിക്കാം

കമ്പനം വ്യക്തമായി കാണാൻ സഹായിക്കുന്ന പീപ്പി. (ടി. ബി)

നിർമ്മാണം - വിലയിരുത്തൽ

### *മൊഡ്യൂൾ 3*

### ചലനം പ്രയോഗത്തിൽ

**ആശയം/ ധാരണ**

**പ്രക്രിയാശേഷികൾ**

- വിവിധരീതിയിലുള്ള ചലനങ്ങലെ വ്യത്യസ്ത ഉപകരണങ്ങളിൽ പ്രയോജനപ്പെടുത്തുന്നു.
- പൽച്ചക്രങ്ങൾ, ചെയിൻ, ബെൽറ്റ്, ചക്രവും ആക്സിലും തുടങ്ങിയവ ചലനത്തിന്റെ ദിശയിലും വേഗത്തിലും മാറ്റം വരുത്താൻ  സഹായിക്കുന്നു.

**പഠന പ്രവർത്തനങ്ങൾ**

- ചലിക്കുന്ന വിവിധ യന്ത്ര ഭാഗങ്ങളുടെ നിരീക്ഷണം, ചർച്ച
- ഉപകരണങ്ങളുടെ ചലന രീതിയും പ്രയോജനവും പട്ടികപ്പെടുത്തൽ
- പൽചക്ര നിർമ്മാണം
- ലഘുയന്ത്രങ്ങൾ പ്രവർത്തിപ്പിക്കൽ

# C A T A L Y S T

നിലമ്പൂർ സബ്ജില്ലാ സയൻസ് ക്ലബ്ബിന്റെയും ബി.ആർ.സി നിലമ്പൂരിന്റെയും സംയുക്ത സംരംഭം

## പാഠാസൂത്രണ രേഖ സയൻസ് ക്ലാസ്സ് 6

- ചിത്ര നിരീക്ഷണം, ചർച്ച

**<u>പഠന സാമഗ്രികൾ</u>**

ടി.ബി, ടി.ടി, പ്ലാസ്റ്റിക്ക് ബോട്ടിൽ , ഈർക്കിൾ, നൂൽ, കാർഡ്ബോർഡ് കഷണം, മുത്ത്, പശ, പ്ലാസ്റ്റിക്ക് അടപ്പുകൾ, മരപ്പലക, ആണി, പൽച്ചക്രങ്ങൾ ഉള്ള കളിപ്പാട്ടങ്ങൾ

**<u>പഠന നേട്ടങ്ങൾ</u>**

- വിവിധതരം ചലനങ്ങൾ വ്യത്യസ്ത ഉപകരണങ്ങളിൽ എങ്ങനെയെല്ലാം ഉപയോഗപ്പെടുത്തുന്നു. വിശദീകരിച്ച് ഉദാഹരണങ്ങൾ നൽകാൻ കഴിയുന്നു.
- ചലനവുമായി ബന്ധപ്പെട്ട ഉപകരണങ്ങൽ നിർമ്മിക്കാൻ കഴിയുന്നു

**<u>വിലയിരുത്തൽ</u>**

- നിരീക്ഷണത്തിന്റെ കൃത്യത
- ചർച്ചയിലെ പങ്കാളിത്തം
- നിർമ്മാണത്തിലെ മിഴിവ്
- രേഖപ്പെടുത്തൽ

<u>പ്രവർത്തനം</u>

ചലനം നിരീക്ഷണം

- ഒരു തയ്യൽ മെഷീനിൽഏതോല്ലാം ഇനം ചലനങ്ങൾ കാണാൻ കഴിയും ?
- പെഡൽ , ചക്രങ്ങൽ, സൂചി...
- തയ്യൽ മെഷീൻ വസ്ത്രങ്ങൾ തയ്ക്കാൻ ഉപയോഗിക്കുന്നു. എങ്കിൽ ചലന രീതി , പ്രയോജനം എന്നിവകൂട്ടിച്ചേർത്ത് ഇന പട്ടിക പൂർത്തിയാക്കുക (ടി.ബി. 52)
- ഗ്രൂപ്പ് ചർച്ച, പട്ടികപ്പെടുത്തൽ - വിലയിരുത്തൽ

# C A T A L Y S T

നിലമ്പൂർ സബ്ജില്ലാ സയൻസ് ക്ലബ്ബിന്റെയും ബി.ആർ.സി നിലമ്പൂരിന്റെയും സംയുക്ത സംരംഭം

## പാഠാസൂത്രണ രേഖ സയൻസ് ക്ലാസ്സ് 6

| ക്രോഡീകരണം | | |
|---|---|---|
| ചലിക്കുന്ന വസ്തു | ചലന രീതി | പ്രയോജനം |
| ചെ യുടെ ഡയഫ്രം | ദോലനം | ശബ്ദമു ാക്കുന്നു |
| കറങ്ങുന്ന കസേര | ഭ്രമണം | കസേരയിൽ നിന്ന് എഴുന്നേൽക്കാതെ തിരിയാം |
| ക്ലോക്കിലെ സൂചിയുടെ അഗ്രഭാഗം | വർത്തുള ചലനം | ഗമയം കാണിക്കുന്നു |
| തയ്യൽ മെഷിനിലെ ചെറിയ ചക്രം | ഭ്രമണം | തയ്യൽ സൂചിയെ ചലിപ്പിക്കുന്നു |
| ചലിക്കുന്ന വസ്തു | ചലന രീതി | പ്രയോജനം |
| ലിഫ്റ്റ് | നേർ രേഖാചലനം | കെട്ടിടങ്ങളിൽ അനായാസം കയറാം |
| ഊഞ്ഞാൽ | ദോലനം | വിനോദം |
| വീണയിലെ കമ്പി | ദോലനം | ശബ്ദമു ാക്കുന്നു |
| പൊടിമില്ലിലെ ചക്രങ്ങൾ | ഭ്രമണം | യന്ത്രങ്ങളെ ചലിപ്പിക്കുന്നു |

I C T – Edubuntu ചലനം പ്രയോഗത്തിൽ

CD 4 (8, 9) Motion of machines

- തയ്യൽ മെഷീൻ ചവിട്ടുമ്പോൾ നാം പ്രയോഗിക്കുന്ന ബലം എങ്ങനെയാണ് മുകളിൽ എത്തുന്നത് ?
- സൈക്കിൾ ചവിട്ടുമ്പോൾ എവിടെയാണ് ബലം പ്രയോഗിക്കുന്നത് ?
- മില്ലിലെ മോട്ടറിന്റെ ചലനം എങ്ങനെയാണ് യന്ത്രത്തിലെത്തുന്നത് ?

# C A T A L Y S T

**നിലമ്പൂർ സബ്ജില്ലാ സയൻസ് ക്ലബ്ബിന്റെയും ബി.ആർ.സി നിലമ്പൂരിന്റെയും സംയുക്ത സംരംഭം**

## പാഠാസൂത്രണ രേഖ സയൻസ് ക്ലാസ്സ് 6

- വ്യക്തിഗത പ്രതികരണങ്ങൾ

- പൊതു ചർച്ച - ക്രോഡീകരണം

| |
|---|
| ഒരു യന്ത്രത്തിൽ നൽകുന്ന ബലത്തെ മറ്റ് യന്ത്രങ്ങളിലേക്കോ യന്ത്ര ഭാഗങ്ങളിലേക്കോ എത്തിക്കാൻ ചെയിൻ, ബെൽറ്റ്, ചക്രവുംആക്സിലുംതുടങ്ങിയസംവിധാനങ്ങൾ കൊ ് സാധിക്കും |

- കളിപ്പങ്കയു ാക്കാം - കറക്കാം (ടി. ബി)

3. <u>പൽ ചക്രങ്ങൾ</u>

- കളിപ്പാട്ടങ്ങളിലെ പൽചക്രങ്ങൾ നിരീക്ഷിക്കുന്നു
- ഇവയുടെ ചലനത്തിന്റെസവിശേഷതഎന്താണ്
- പ്രതികരണം – വിശദീകരണം

പരീക്ഷണം (ടി. ബി- 53)

വ്യത്യസ്തവലിപ്പമുള്ള പ്ലാസറ്റിക് അടപ്പുകൾ ഒരുമരപ്പലകയിൽ പരസ്പരം ചേർന്നു വരത്തക്ക വിധം ഉറപ്പിക്കുന്നു.

അടപ്പ് കറക്കി നോക്കുന്നു. നിരീക്ഷണം രേഖപ്പെടുത്തുന്നു

- ചെറിയ അടപ്പ് ഇടത്തോട്ട് കറക്കുമ്പോൾ വലിയ അടപ്പ് എങ്ങോട്ടാണ് കറങ്ങുന്നത്?
- ചെറിയ അടപ്പ് ഒരു തവണ കറങ്ങുമ്പോൾ വലിയ അടപ്പ് ഒരു തവണ കറങ്ങുന്നുേ ാ?
- വലിയ അടപ്പ് ഒരു തവണ കറക്കുമ്പോൾ ചെറിയഅടപ്പ് എത്രത്തോളം കറങ്ങുന്നു?
- എന്താണ് ഇവയെ പരസ്പരം കറങ്ങാൻ സഹായിക്കുന്നത്?

| |
|---|
| നേരിയ പല്ലുകൾകൊ ് പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന ചക്രങ്ങളാണ് പൽചക്രങ്ങൾ |

# C A T A L Y S T

നിലമ്പൂർ സബ്ജില്ലാ സയൻസ് ക്ലബ്ബിന്റേയും ബി.ആർ.സി നിലമ്പൂരിന്റേയും സംയുക്ത സംരംഭം

## പാഠാസൂത്രണ രേഖ സയൻസ് ക്ലാസ്സ് 6

നിരീക്ഷണക്കുറിപ്പ് വിലയിരുത്തൽ

ക്രോഡീകരണം

ചലനത്തിന്റെ ദിശയിലും വേഗതയിലും മാറ്റങ്ങൾ വരുത്താൻ പൽചക്രങ്ങൾ ഉപയോഗിക്കുന്നു.

- ചെറിയ പൽചക്രം ഉപയോഗിച്ച് വലിയ പൽചക്രം തിരിക്കുമ്പോൾ ചലന വേഗം കുറയുന്നു
- വലിയ പൽചക്രം ഉപയോഗിച്ച് ചെറിയ പൽചക്രം തിരിക്കുമ്പോൾ ചലന വേഗം കൂടുന്നു.

തുടർപ്രവർത്തനം

പൽചക്രം പ്രയോജനപ്പെടുത്തുന്ന സന്ദർഭങ്ങളും ഉപകരണങ്ങളും ലിസ്റ്റ്ചെയ്യുക.

ICT – Edubuntu – ചലനം യന്ത്രങ്ങളിൽ

CD 4 (9) gear




# www.sastrasahayi.blogspot.in



# CATALYST

## SCIENCE CLUB

## NILAMBUR



തുടർന്ന് ടെക്സ്റ്റ് ബുക്കിലെ പേജ് 152 ലെ വർക്ക് ഷീറ്റ് ഉപയോഗപ്പെടുത്തുന്നു

**വിലയിരുത്തൽ :**

_ടെക്സ്റ്റ് ബുക്കിലെ വിലയിരുത്തൽ പ്രവർത്തനങ്ങൾ ചെയ്യുന്നു

**തുടർ പ്രവർത്തനങ്ങൾ:**

1. വിവിധ ആവാസ വ്യവസ്ഥകളുടെ നാശത്തിന് ഇടയാക്കുന്ന മനുഷ്യന്റെ ഇടപ്പെടലുകളുമായി ബന്ധപ്പെട്ട് പത്രങ്ങളിൽ വരുന്ന വാർത്തകൾ ശേഖരിച്ച് പതിപ്പ് തയ്യാറാക്കുന്നു
2. നിങ്ങളുടെ പ്രദേശത്തെ ഭീഷണി നേരിടുന്ന ആവാസ വ്യവസ്ഥ സംര ക്ഷിക്കാൻ വേ നടപടികൾ സ്വീകരിക്കണമെന്ന് കത്ത് തയ്യാറാക്കി തദ്ധേശസ്വയംഭരണാധികാരികൾക്ക് നൽകുന്നു

## ക്ലാസ് 6 യൂണിറ്റ് 7

## ആകർഷിച്ചും വികർഷിച്ചും

ആമുഖം

കാന്തങ്ങളെ കുറിച്ചുള്ള അടിസ്ഥാന ധാരണകൾ കുട്ടികളിൽ എത്തിക്കുന്ന തിനും, കാന്തങ്ങളുടെ സവിശേഷതകൾ തിരിച്ചറിയാനും ഈ പാഠഭാഗം ഉദ്ധേശിക്കുന്നു. കാന്തിക ശക്തി, കാന്തിക ധ്രുവങ്ങൾ, കാന്തിക –മ ണ്ഡലം എന്നീ ആശയങ്ങൾ വളരെ ലളിതമായി ഈ പാഠഭാഗത്ത് പ്രതി പാദിച്ചിരിക്കുന്നു.കാന്തങ്ങൾ ഉപയോഗിച്ചുള്ള കളിപാട്ട നിർമ്മാണ നിർമ്മാണം ,ഉപകരണ നിർമ്മാണം എന്നീ പ്രവർത്തനങ്ങൾക്ക് ഈ യൂണിററ് ഊന്നൽ നൽകുന്നു.

**മൊഡ്യൂൾ 1 കാന്തം**

പഠന നേട്ടങ്ങൾ:

1. വസ്തുക്കളെ കാന്തിക വസ്തുക്കൾ അകാന്തിക വസ്തുക്കൾ എന്നിങ്ങനെ വേർതിരിക്കാൻ കഴിയുന്നു
2. വ്യത്യസ്ത ആകൃതിയിലും ,വലിപ്പത്തിലും ഉള്ള കാന്തങ്ങളുടെ ഉപയോഗം തിരിച്ചറിഞ്ഞ് ഉദാഹരണങ്ങൾ നൽകാൻ കഴിയുന്നു

**ആശയം / ധാരണകൾ**

- ചില വസ,്തുക്കളെ ആകർഷിക്കാൻകഴിവുള്ളവയാണ് കാന്തങ്ങൾ
- കാന്തം ആകർഷിക്കുന്ന വസ്തുക്കളെ കാന്തിക വസ്തുക്കൾ എന്ന് യുന്നു
- കാന്തം ആകർഷിക്കാത്ത വസ്തുക്കളാണ് അഖാന്തിക വസ്തുക്കൾ
- വ്യത്യസ്തയിനം കാന്തങ്ങളു
- വ്യത്യസ്തയിനം പദാർത്ഥങ്ങൾ ഉപയോഗിച്ച് കാന്തങ്ങൾ നിർമ്മിക്കാം
- കാന്തം നിത്യ ജീവിതത്തിന്റെ പല സന്ദർഭങ്ങളിലും ഉപയോഗിക്കുന്നു
- ഉപയോഗത്തിനനുസരിച്ച് കാന്തങ്ങളുടെ വലിപ്പവും, ആകൃതിയും വ്യത്യാസപ്പെട്ടിരിക്കുന്നു

**പ്രക്രിയാശേഷികൾ**

1. പരീക്ഷണത്തിലേർപ്പെടൽ
2. അപഗ്രഥിച്ച് നിഗമനത്തിലെത്തൽ

**അൂല്യങ്ങൾ / മനോഭാഭാവങ്ങൾ**

വിവിധ പ്രതിഭാസങ്ങളെ സമൂഹത്തിന് അനുസൃതമായ രീതിയിൽ പ്രയോജനപ്പെടുത്തുന്നു

**സാമഗ്രികൾ**

| പ്രവർത്തനങ്ങൾ | സാമഗ്രികൾ |
|---|---|
| ആകർഷിക്കുന്നവയും<br>ആകർഷിക്കാത്തവയും | വിജീഗിരി, വിവിധ നാണയങ്ങൾ<br>സ്ക്രൂ ഡ്രൈവർ, സ്റ്റീൽ പാത്രം,<br>അലുമിനിയം കമ്പി, ചെമ്പുകമ്പി<br>റബ്ബർ, ചില്ല്, സ്പൂൺ, പ്ലാസ്റ്റിക്ജെം |

| | |
|---|---|
| | ക്ലിപ്പ് |
| **വ്യത്യസ്തയിനം കാന്തങ്ങൾ** | ബാർ കാന്തം, യൂ കാന്തം,ഡിസ്ക് കാന്തം, റിംഗ് കാന്തം, ആർക് കാന്തം<br>ഗിലിബ്രിക്കൽ കാന്തം |

**പ്രതീക്ഷിക്കുന്ന ഉൽപന്നങ്ങൾ**

പട്ടികകൾ, പ്രൊജക്ട് റിപ്പോർട്ട്, കാന്തങ്ങൾ ശേഖരണം

**സർഗ്ഗ വേള**

കളിപ്പാട്ട നിർമ്മാണം, കാന്തങ്ങളുടെ ക ്പിടിത്തം അവതരണം

**സി പി റ്റി എ**

കാന്തങ്ങളുടെ ഉപയോഗം –നിത്യ ജീവിതത്തിൽ

**ദിനാചരണം**

**റഫറൻസ്**

**പ്രക്രിയ**

പ്രക്രിയാവതരണം / പ്രശ്നാവതരണം

കൈ തൊടാതെ മൊട്ടു സൂചി എങ്ങിനെയെടുക്കാം ?

–കാന്തങ്ങളുടെ ഉപയോഗം

ണ്ഡ പരീക്ശണത്തിന്റെ അടിസ്ഥാനത്തചന്റ പാഠഭാഗത്തിലെ പ്രശ്നത്തി നുത്തരം ക ത്തുന്നു.

**ആകർഷിക്കുന്നവയും ആകർഷിക്കാത്തവയും**

ടെക്സ്റ്റ്ബുക്കിൽ കെടുത്തിരിക്കുന്ന സാമഗ്രികൾ ഉപയോഗിച്ച് കാന്തം ആകർഷിക്കുന്നവയും, ആകർഷിക്കാത്തവയും ക ത്തി പട്ടികപ്പെടു ത്തുന്നു.ടെക്സ്റ്റ് ബുക്ക് പേജ് നമ്പർ 89

– കൂടുതൽ വസ്,്തുക്കൾ ഉപയോഗിച്ച് പരീക്ഷണങ്ങൾ ചെയ്ത് പട്ടിക വിപുലീകരിക്കുന്നു.

**ക്രോഡീകരണം**

കാന്തം ആകർഷിക്കുന്നവ കാന്തിക വസ്തുക്കൾ, ആകർഷിക്കാത്തവ അകാ

ന്തിക വസ്തുക്കൾ

ഹാന്റ് ബുക്ക് പോജ് നമ്പർ 159 ടീച്ചർ അറിയാൻ

1. കാന്തം കെ  ത്തിയ കഥ
2. വായനാകുറിപ്പ് പേജ് 90

**വ്യത്യസ്തയിനം കാന്തങ്ങൾ**

ക്ലാസ് റൂമിൽ ശേഖരിച്ച കാന്തങ്ങൾ നിരീക്ഷിക്കാൻ കുട്ടികൾക്ക് അവ സരം

നൽകുന്നു. ടെക്സ്റ്റ് ബുക്കലെ ചിത്രങ്ങൾ സി ഡി ഇവയുടെ സഹായ ത്തോടെ

കാന്തങ്ങളുടെ ആകൃതി, സവിശേഷതകൾ എന്നിവ കെ  ത്തുന്നു. ലിസ്റ്റ് ചെയ്യുന്നു.

–ചിത്രീകതരണം വിവിധ കാന്തങ്ങൾ –സി –ി 1

ആശയ രൂപീകരണം –(സർഗ്ഗവേളയിലേക്ക് കഥാവതരണം)

**ക്രോഢീകരണം**

ടെക്സ്റ്റ് ബുക്ക് പേജ് നമ്പർ 90

അധിക വായന  ടെക്സ്റ്റ് ബുക്ക് പേജ് നമ്പർ 159 കാന്തം നിർമ്മിക്കാം.

**കാന്തങ്ങളുടെ ഉപയോഗങ്ങൾ സി ഡി 1**

നിത്യ ജീവിതത്തിൽ കാന്തങ്ങൾ ഉപയോഗപ്പെടുത്തിയിരിക്കുന്ന അവസര ങ്ങൾ –ചർച്ച

കത്തെലുകൾ – രേഖപ്പെടുത്തൽ

കാന്തം ഉപയോഗപ്പെടുത്തിയിട്ടുള്ള മററ് ഉപകരണങ്ങൾ കത്തി പട്ടിക പ്പെടുത്തുന്നു. ചിത്രങ്ങൾ ശേഖരിക്കുന്നു

എന്തുകൊാണ് ഒരേ ആകൃതിയിലുള്ള കാന്തങ്ങൾ തന്നെ പല വലിപ്പത്തിൽ നിർമ്മിച്ചിരിക്കുന്നത് ?

പാഠ പുസ്തകത്തിലെ പ്രവർത്തനം ഉപയോഗപ്പെടിത്തുന്നു.സ്പീക്കറിലേയും

അിനി മോട്ടറുകളിലേയും കാന്തങ്ങൾ നിരീക്ഷിക്കുന്നു

സ്പീക്കർ –കാന്തത്തിന്റെ സ്ഥാനം

മിനി മോട്ടർ – കാന്തത്തിന്റെ സ്ഥാനം

എന്നിവ നിരീക്ഷണത്തിന് വിധേയമാക്കി പട്ടിക പൂർത്തീകരിക്കുന്നു

ഉപകരണങ്ങളുടെ പ്രത്യേകതക്കനുസരിച്ച് അതിലുപയോഗിക്കുന്ന കാന്തങ്ങളുടെ ആകൃതിയും വലിപ്പവും വ്യത്യസപ്പെട്ടിരിക്കും

തുടർ പ്രവർത്തനം വർക്ക്ഷീററ് പേജ് നമ്പർ 163

**മൊഡ്യൂൾ 2 കാന്തിക ധ്രുവങ്ങൾ**

**പഠന നേട്ടങ്ങൾ**

കാന്തങ്ങളുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് വിശദീകരിക്കാൻ കഴിയുന്നു

**ആശയം / ധാരണ**

–കാന്തിക ധ്രുവങ്ങൾ – ദക്ഷിണ ധ്രുവം ,ഉത്തര ധ്രുവം

– ര ് കാന്തങ്ങളുടെ വിജാതീയ ധ്രുവങ്ങൾ ആകർഷിക്കുകയും,സജാതീയ ധ്രുവങ്ങൾ വികർഷിക്കുകയും ,ചെയ്യുന്നു

– കാന്തം കൊുരച്ച് കാന്തിക വസ്തുവിലെ കാന്തമാക്കാം

**പ്രക്രിയാശേഷി**

പരീക്ഷണത്തിലേർപ്പെടൽ

നിരീക്ഷണം

നിഗമനത്തിലെത്തൽ

| പ്രവർത്തനങ്ങൾ | സാമഗ്രികൾ |
|---|---|
| കാന്തം ആകർഷിക്കുമ്പോൾ | ഇരുമ്പ് പൊടി, പ്ലാസ്റ്റിക് പേപ്പർ<br>എ ഫോർ പേപ്പർ, കാന്തങ്ങൾ |
| കാന്തം തൂക്കിയിട്ടാൽ | വിവിധ ആകൃതിയിലുള്ള കാന്തങ്ങൾ<br>നൂൽ, സ്കെയിൽ |
| ധ്രുവങ്ങൾ അടുക്കുമ്പോൾ | ബാർകാന്തം<br>നൂൽ |
| കാന്തം നിർമ്മിക്കാം | കത്തി കൂടിയ കാന്ത സൂചി<br>ബ്ലേഡ്<br>.......<br>...... |

**പ്രതീക്ഷിക്കുന്ന ഉൽപന്നങ്ങൾ**

പട്ടികകൾ, നിരീക്ഷണ കുറിപ്പുകൾ, പരീക്ഷണ കുറിപ്പുകൾ

**പഠന പ്രവർത്തനങ്ങൾ**

കാന്തങ്ങളുടെ ആകർഷണ ശക്തി എല്ലായിടത്തും ഒരുപോലെയാണോ?

പ്രശനാവതരണം സി ഡി 1

ഗ്രൂപ്പടിസ്ഥാനത്തിൽ പരീക്ഷണങ്ങൾ ആസൂത്രണം ചെയ്ത് നിഗമനങ്ങൾ രേഖപ്പെടുത്തുന്നു

സൂചകങ്ങൾ

- കാന്തത്തിന്റെ എല്ലാ ഭാഗത്തും ഒരുപോലെയാണോ ഇരുമ്പ് പൊടി പററി പിടിച്ചിരിക്കുന്നത്?
- ഏത് ഭാഗത്ത് കൂടുതൽ?
- ഏത് ഭാഗത്ത് കുറവ് ?

**ക്രോഡീകരണം**

കാന്തത്തിന്റെ ശക്തി കൂടുതൽ അനുഭവപ്പെടുന്ന അഗ്രഭാഗങ്ങൾ–കാന്തിക ധ്രുവങ്ങൾ

**തുടർ പ്രവർത്തനം**

വിവിധ ആകൃതിയിലുള്ള കാന്തങ്ങൾ ഉപയോഗപ്പെടുത്തി കാന്തിക ധ്രുവം കണ്ടെത്തുക. നിഗമനങ്ങൾ എഴുതുക

കാന്തം തൂക്കിയിട്ടാൽ

ടെക്സ്ററ് ബുക്ക് പേജ് 92 ലെ പരീക്ഷണം ക്ലാസിൽ ചർച്ച ചെയ്യുന്നു

എല്ലാ കാന്തങ്ങളും ഒരേ ദിശയിലാണോ നിൽകുന്നത്?

SN എന്നു രേഖപ്പടുത്തിയ കാന്തം തൂക്കിയിട്ട് ചെറുതായി കറക്കി വിട്ട് ചലനം നിൽക്കമ്പോൾ എല്ലാ കാന്തങ്ങളും ഏത് ദിശയിലാണെന്ന് നിരീക്ഷിക്കുന്നു

–നിഗമനം രൂപപ്പെടുത്തുന്നു

– കാന്തങ്ങൾ തെക്ക് –വടക്ക് ദിശയിൽ നിൽക്കുന്നത് ,നാം പ്രയോജനപ്പെടുത്തുന്ന സന്ദർഭങ്ങൾ ലിസ്ററ് ചെയ്ത് അവതരിപ്പിക്കുന്നു

– നിങ്ങൾ പരിചയമില്ലാത്ത പ്രദേശത്താണ് നിൽക്കുന്നതെങ്കിലും സൂര്യനെ കാണുന്നില്ലെങ്കിൽ എങ്ങിനെ ദിശ കണ്ടെത്തും?

**ധ്രുവങ്ങൾ അടുക്കുമ്പോൾ**

ഒരു കാന്തം മററ് കാന്തത്തെ ആകർഷിക്കുമോ?

പ്രവർത്തനം ടെക്സ്ററ് ബുക്ക് പേജ് 93

പരീക്ഷണ കുറിപ്പ് തയ്യാറാക്കുന്നു

നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ ടെക്സ്ററ് ബുക്ക് പേജ് 94 ലെ ചിത്രങ്ങൾ പരിശോധിച്ച് ശരിയായ ചിത്രം കണ്ടെത്തുന്നു

ചിത്രങ്ങൾ പരിശോധിച്ച് ധ്രവങ്ങൾ അടുത്ത് വന്നാൽ എന്ന പ്രവർത്തനം ചെയ്ത് നിരീക്ഷണം പട്ടികപ്പെടുത്തുന്നു

| ആകർഷിക്കുന്ന സന്ദർഭങ്ങൾ | വികർഷിക്കുന്ന സന്ദർഭങ്ങൾ |
| --- | --- |
| | |

–പട്ടിക അപഗ്രഥിച്ച് നിഗമനങ്ങൾ എഴുതുന്നു

– സജാതീയ ധ്രുവങ്ങൾ – വിജാതീയ ധ്രുവങ്ങൾ – നിർവചനം രൂപീകരിക്കുന്നു.

തുടർ പ്രവർത്തനം

1. വിവിധ ആകൃതിയിലുള്ള കാന്തങ്ങൾ ഉപയോഗിച്ച് പരീക്ഷണം ചെയ്ത് ശാസ്ത്ര പുസ്തകത്തിൽ രേഖപ്പെടുത്തുന്നു
2. വർക്ക് ഷീററ് 2 3 5

**കാന്തം നിർമ്മിക്കാം ഐ സി ററി സി ഡി 2**

കാന്തിക വസ്തുക്കളെ കാന്തമാക്കി മാററാമോ?

ടെക്സ്ററ് ബുക്ക് പേജ് 95 ലെ പ്രവർത്തനം ചെയ്യുന്നു. ( പ്രവർത്തനം ചെയ്യുമ്പോൾ ശ്രദ്ധിക്കേ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തണം)

കാന്ത സൂചിക്ക് കാന്തശക്തി വന്നിട്ടു േ ായെന്ന് പരിശോധിക്കുക

പരീക്ഷണം ആവർത്തിച്ച് സൂചിയെ നൂലിൽ കെട്ടിയിട്ട് ബാർകാന്തം അടുത്ത് കൊ ുവരിക

–നിരീക്ഷണം രേഖപ്പെടുത്തുക

–കാന്തമായി മാറിയ സൂടിയുടെ ഉത്തരധ്രുവം,ദക്ഷിണ ധ്രുവം എന്നിവ ക െത്തുക –ഐ സി ററി സി ഡി 2

–പരീക്ഷണകുറിപ്പ് രേഖപ്പെടുത്തുക

ഇതേ രീതിയിൽ ഒരു ബ്ലേഡിനേയും കാന്തമാക്കി മാററി പാത്രത്തിൽ നിറയെ വെള്ളമെടുത്ത് വെള്ളത്തിൽ പൊന്തികിടക്കും വിധം മെല്ലെ

വെക്കുക.നിശ്ചലമാകുമ്പോൾ ബ്ലേഡിന്റെ സ്ഥാനം നോക്കുക– നിരീക്ഷണം രേഖപ്പെടുത്തുക

തുടർ പ്രവർത്തനം

ഒിലയിരുത്താം ടെക്സ്ററ് ബുക്ക് പേജ് 98 തുടർ പ്രവർത്തനം 1

**മൊഡ്യൂൾ 2 കാന്തിക മണ്ഡലം**

**പഠന നേട്ടങ്ങൾ**

- കാന്തിക മണ്ഡലം എന്ന ഐശയം വിശദീകരിക്കാൻ കഴിയുന്നു
- കാന്തങ്ങൾ ഉപയോഗിച്ച് കളിപ്പാട്ടങ്ങൾ നിർമ്മിക്കാൻ കഴിയുന്നു

**ആശയം / ധാരണകൾ**

- കാന്തത്തിന്റെ ധ്രുവത്തിനോടടുത്തുള്ള ഭാഗങ്ങളിൽ കാന്തശക്തി കൂടുതലും. ധ്രുവങ്ങളില്ലാത്ത ഭാഗങ്ങളിൽ കാന്തശക്തി കുറവുമായിരിക്കും
- കാന്തത്തിന് ചുററും കാന്തശക്തി അനുഭവപ്പെടുന്ന മേഖലയലെ കാന്തിക മണ്ഡലം എന്ന് പറയുന്നു
- കാന്തശക്തി കൂടിയ കാന്തത്തിന് ആകർഷണ പരിധി കൂടുതലായിരിക്കും
- കാന്തങ്ങൾ ഉപയോഗിച്ച് കളിപാട്ടങ്ങൾ നിർമ്മിക്കാം
- കാന്തത്തിന് അനവധി ഉപയോഗങ്ങളു ്

**പ്രക്രിയാശേഷികൾ**

- പരീക്ഷണത്തിലേർപ്പെടൽ
- അപഗ്രഥിച്ച് നിഗമനത്തിലെത്തൽ
- ഉപകരണം രൂപകൽപന ചെയ്യൽ

| പ്രവർത്തനങ്ങൾ | സാമഗ്രികൾ |
|---|---|
| ആകർഷത്തിന്റെ പരിധി | കാന്തം, സൂചി, സ്കെയിൽ<br>സ്ററാൻഡ്<br>ചാർട്ട് പേപ്പർ, ഇരുമ്പ്പൊടി |

| | |
|---|---|
| | വിവിധ തരം കാന്തങ്ങൾ |
| കളിപ്പാട്ടം നിർമ്മിക്കാം | തെർമോകോൾ<br>ചെറിയ റിംഗ് കാന്തം<br>ചരട്<br>മരകമ്പ്<br>മെററൽ സ്ക്രൂ |

**പ്രതീക്ഷിക്കുന്ന ഉൽപന്നങ്ങൾ**

കാന്തം ഉപയോഗിച്ചുള്ള കളിപ്പാട്ടങ്ങൾ

**പ്രവർത്തനങ്ങൾ**

ആകർഷണത്തിന്റെ പരിധി

ഒരു കാന്തത്തിന് എത്ര ദൂരത്തുള്ള വസ്തുക്കളെ ആകർഷിക്കാൻ കഴിയും?

ആകർഷണ ശക്തി എല്ലായിടത്തും ഒരുപോലെയാണോ?

പ്രവർത്തനം ഐ സി ററി സി ഡി 3

സൂചി തുലനം ചെയ്യും വിധം നൂലിൽ കെട്ടി തൂക്കിയിടുക. സ്കെയിലിന്റെ ഒരററം സൂചിയുടെ അടിയിൽ വരത്തക്കവിധം മേശപ്പുറത്ത് വെക്കുക.

സ്കെയിലിൽ കൂടി മെല്ലെ സൂചിയുടെ ഭാഗത്തേക്ക് കാന്തം നീക്കുക. സൂചി

യിൽ ആകർഷണ ശക്തി അനുഭവപ്പെടുന്ന സന്ദർഭത്തിൽ കാന്തം ചലിപ്പി ക്കുന്നത് നിർത്തുക. സൂചിയിലേക്കുള്ള ദൂരം അളക്കുക

കാന്തം വീ ും സൂചിയുടെ ഭാഗത്തേക്ക് മെല്ലെ നീക്കണം. ഓരോ ഘട്ട ത്തിലും സൂചിയിലു ാകുന്ന മാററങ്ങൾ നിരീക്ഷിക്കുക

എപ്പോഴാണ് കൂടുതൽ ആകർഷണശക്തി അനുഭവപ്പെട്ടത്?ക ത്തെലു കൾ രൂപപ്പെടുത്തട്ടെ

**പ്രവർത്തനം**

- എ ഫോർ ഷീററ് രീപത്തിൽ ചാർട്ട് പേപ്പർ എടുത്ത് ര ് വശങ്ങളിലായി ര ് ബുക്കുകൾക്കിടയിൽ വെക്കുക. പേപ്പറിനടിയിൽ ഒരു കാന്തം വെക്കുക. പേപ്പറിൽ ഇരുമ്പ് പൊടി വിതറി പേപ്പർ മെല്ലെ തട്ടുക
- എത്ര അകലത്തിലുള്ള പൊടികൾ വരെ കാന്തത്തിലേക്ക് ആകർഷിക്കപ്പെട്ടിട്ടു ്?
- പ്രവർത്തനവും ക െത്തെലുകളും ശാസ്ത്ര പുസ്തകത്തിൽ രേഖപ്പെടുത്തുക
- കാന്തിക മണ്ഡലം നിർവചനം രൂപീകരിക്കുന്നു

പ്രവർത്തനം

വിവിധ കാന്തങ്ങൾ ഉപയോഗിച്ച് പ്രവർത്തനം ആവർത്തിച്ച് ശാസ്ത്ര പുസ്തകത്തിൽ രേഖപ്പെടുത്തുന്നു

യു കാന്തം, റിംഗ് കാന്തം എന്നിവയുടെ വ്യത്യാസം ക െത്തി രേഖപ്പെടുത്തുന്നു.

**കാന്തങ്ങൾ ശേഖരിക്കാം**

ഉപയോഗ്യശ്യൂന്യമായ കളിപാട്ടങ്ങൾ, ഉപകരണങ്ങൾ എന്നിവയിൽ നിന്ന് കാന്തങ്ങൾ ശേഖരിക്കാൻ ആവശ്യപ്പെടുന്നു.

**കളിപ്പാട്ടം നിർമ്മിക്കാം**

- ചൂ യിട്ട് മീൻ പിടിക്കാൻ കഴിയുമോ?
- ഒട്ടിച്ചേരുന്ന പാവ
- ഒരു ഭാഗത്തേക്ക് മാത്രം തിരിഞ്ഞ് നിൽകുന്ന പക്ഷി
- അരി കാദണുമ്പോൾ ഓടി വരുന്ന മത്സ്യം
- തെക്കോട്ട് ചൂ ി നിൽകുന്ന കൈ

തുടങ്ങുയ കളിപ്പാട്ടങ്ങൾ നിർമ്മിച്ച് പ്രദർശിപ്പിക്കുന്നു.

## CLASS VI

യൂണിറ്റ് - 5

# ആഹാരം ആരോഗ്യത്തിന്

## ആമുഖം

ആരോഗ്യമുള്ള ജനത നാടിന്റെ സമ്പത്തും ശാരീരികവും മാനസികവുമായ ആരോഗ്യം വ്യക്തിയുടെ സമ്പത്തുമാണ്. നാം ചെയ്യുന്ന ഓരോ പ്രവൃത്തിയും ശരീരത്തിനകത്ത് നടക്കുന്നത് ആഹാരത്തിൽ നിന്ന് ലഭിക്കുന്ന ചില പോഷകങ്ങളിൽ നിന്നാണ്. ഇവയോരോന്നും വ്യത്യസ്ഥങ്ങളായ ഭക്ഷണവസ്തുക്കളിലാണ് അടങ്ങിയിരിക്കുന്നത്. നല്ല രുചിയുള്ളതും തങ്ങൾക്ക് ഇഷ്ടപ്പെട്ടതുമായ ഭക്ഷണമേ കഴിക്കൂ എന്ന ശീലം മാറ്റിയെടുക്കാനും എല്ലാ പോഷകങ്ങളും ഉൾക്കൊള്ളുന്നതും ഓരോന്നും ആവശ്യമായ അളവിൽ ഉള്ളതുമായ ഒരു ഭക്ഷണക്രമം കുട്ടികളിൽ വളർത്തിയെടുക്കാൻ ഈ അധ്യായം വിനിമയം ചെയ്യുന്നതിലൂടെ കഴിയട്ടെ.

## MODULE I

**മൊഡ്യൂൾ** : കാർബോഹൈഡ്രേറ്റ്

**സമയം** : 5 പിരിയഡ്

**ആശയം/ധാരണ** : ആഹാരത്തിൽ നിന്ന് ലഭിക്കുന്ന പോഷഘടകങ്ങളിൽ ഒന്നാണ് കാർബോഹൈഡ്രേറ്റ്

- ചില ഭക്ഷ്യ വസ്തുക്കളിൽ കാർബൺഹൈഡ്രേറ്റ് ധാരാളമായി അടങ്ങയിരിക്കുന്നു.
- വിവിധ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള ഊർജ്ജം ലഭിക്കുന്നത് കാർബോഹൈഡ്രേറ്റിൽ നിന്നാണ്

**പഠനനേട്ടങ്ങൾ** : അന്നജം തിരിച്ചറിയാനുള്ള പരീക്ഷണങ്ങളിൽ ഏർപ്പെടുവാൻ കഴിയുന്നു.

**മൂല്യമനോഭാവം** : നല്ല രുചിയുള്ളതും തങ്ങൾക്കിഷ്ടപ്പെട്ടതുമായ ഭക്ഷണമേ കഴിക്കൂ എന്നുള്ള ശീലം മാറ്റിയെടുക്കുന്നു.

**സാമഗ്രഹികൾ** : ടെസ്റ്റ് ട്യൂബ്, കഞ്ഞിവെള്ളം, നേർപ്പിച്ച അയഡിൻ ലായനി, മുട്ട, ഏത്തപ്പഴം, കപ്പ, പാൽ, ഉരുളക്കിഴങ്ങ്, കുമ്പളം, ഗോതമ്പുപൊടി.

**റഫറൻസ്** : TB, HB, ICT ആരോഗ്യമാസികകൾ

**സർഗ്ഗവേളയിലേക്ക്** :

CPTA : മായം കലർന്ന ഭക്ഷണം ക്ലാസ്

**പ്രവർത്തനങ്ങൾ** :

പട്ടികപ്പെടുത്തൽ

പരീക്ഷണം ചെയ്യൽ

ചിത്രീകരിക്കൽ

## പ്രക്രിയ

TB 57 ലെ ചിത്രം കാണിക്കുന്നു. 'ചർച്ച' വായിക്കാൻ അവസരം നൽകുന്നു, നിങ്ങളുടെ വീട്ടിലും ഇതെല്ലാമാണോ ഉണ്ടാക്കുന്നത് ?

ചർച്ച നടത്തുന്നു.

തുടർന്ന് കുട്ടികൾ അവരുടെ വീട്ടിൽ ഉണ്ടാക്കുന്ന ഭക്ഷണസാധനങ്ങൾ ലിസ്റ്റ് ചെയ്യുന്നു. (വ്യക്തിഗതം)

ഇവയിൽ നിങ്ങൾക്ക് ഇഷ്ടപ്പെട്ടത് ഏതെല്ലാം?

ഇഷ്ടപ്പെടാത്ത ഭക്ഷണം ഏതെങ്കിലും ഉണ്ടോ ?

കുട്ടികൾ ഓരോരുത്തരും അവർക്ക് ഇഷ്ടമുള്ളതും ഇഷ്ടമില്ലാത്തതുമായ ഭക്ഷണവിഭവങ്ങൾ തരം തിരിച്ച് എഴുതുന്നു. (വ്യക്തിഗതം)

| ഇഷ്ടമുള്ളത് | ഇഷ്ടമില്ലാത്തത് |
|---|---|
| | |

ഇഷ്ടമുള്ള ഭക്ഷണം മാത്രം കഴിച്ചാൽ മതിയോ? ചർച്ച നടത്തുന്നു.

## ആഹാരത്തിൽ

ഒരു നേരം ഭക്ഷണം കഴിച്ചില്ലെങ്കിൽ നമുക്ക് ക്ഷീണവും തളർച്ചയും തോന്നാറില്ലേ? എന്തിനാണ് നാം ഭക്ഷിക്കുന്നത് ? ചർച്ച

- രോഗ പ്രതിരോധ ശേഷി നേടാൻ
- വളർച്ചനേടാൻ - ശരീര നിർമ്മിതി
- വിവിധതരം പ്രവർത്തി ചെയ്യുന്നതിനുവേണ്ട ഊർജ്ജം ലഭിക്കാൻ.
- ഓരോ ശരീരഭാഗങ്ങളുടേയും സുഗമമായ പ്രവർത്തനത്തിന്

ഏതെങ്കിലും ഒരു തരം ഭക്ഷണം മാത്രം കഴിച്ചാൽ എന്താണ് കുഴപ്പം ?

നാം കഴിക്കുന്ന ഭക്ഷണത്തിലൂടെ ശരീരത്തിന് ലഭിക്കുന്നത് എന്തെല്ലാം ?

നെല്ല്, മത്സ്യം, വെളിച്ചണ്ണ, ഇലക്കറികൾ എന്നിവയുടെ സംഭാഷണം വായിക്കട്ടെ. ഇവയിലൂടെ ലഭിക്കുന്ന പോഷകഘടകങ്ങളെ പട്ടികപ്പെടുത്തുന്നു. (ഗ്രൂപ്പ്)

| ഭക്ഷ്യവസ്തു | പോഷകഘടകങ്ങൾ |
|---|---|
| അരി | ധാന്യകം |
| മത്സ്യം | പ്രോട്ടീൻ |
| എണ്ണ | കൊഴുപ്പ് |
| പഴങ്ങൾ, പച്ചക്കറികൾ | ധാതുക്കൾ, വറ്റാമിനുകൾ |

## തുടർപ്രവർത്തനം

കൂടുതൽ ഭക്ഷ്യവസ്തുക്കളെയും അവയിലൂടെ ലഭിക്കുന്ന പോഷകഘടകങ്ങളും പട്ടികപ്പെടുത്തുന്നു. (വിലയിരുത്തൽ) it@school→ edubuntu→ schoolresourse ഭക്ഷണങ്ങളിലെ പോഷകഘടകങ്ങൾ

## ധാന്യകം

ഭക്ഷണത്തിൽ ധാന്യകം ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യം എന്തായിരിക്കും? ഏതെല്ലാം ഭക്ഷ്യവസ്തുക്കളിലാണ് ധാന്യകം ധാരളമുള്ളത് ?

TB 58 ലെ ചിത്രം വായിക്കാൻ അവസരം നൽകുന്നു.

ആശയം സ്വാംശീകരിക്കുന്നതിന് ചില ചോദ്യങ്ങൾ ചോദിക്കുന്നു.

- എന്തെല്ലാം ഉപയോഗിച്ചിട്ടാണ് ധാന്യകം നിർമ്മിച്ചിരിക്കുന്നത് ?
- ശരീരത്തിൽ ധാന്യകം നിർവ്വഹിക്കുന്ന പങ്കെന്ത്?
- ധാന്യകം ഏതെല്ലാം രൂപത്തിലുണ്ട് ?
- ഏതെല്ലാം ഭക്ഷ്യവസ്തുക്കളിലാണ് ഇവ കൂടുതലായി അടങ്ങിയിരിക്കുന്നത് ?

## ക്രോഡീകരണം

ശരീരത്തിൽ നടക്കുന്ന വളരെ ചെറിയ പ്രവർത്തിക്ക് പോലും ഊർജം ആവശ്യമാണ്. നാം കഴിക്കുന്ന ഭക്ഷണത്തിൽ നിന്ന് ലഭിക്കുന്ന ധാന്യകം, കൊഴുപ്പ് എന്നിവ ഉപയോഗിച്ചാണ് ഊർജ്ജം ഉത്പാദിപ്പിക്കുന്നത്.

it@school school resowrce ധാന്യകങ്ങൾ

- നിങ്ങൾ ദിവസവും കഴിയുന്ന ആഹാരത്തിൽ ഏറ്റവും കൂടുതൽ ഉൾപ്പെടുന്ന ആഹാരവസ്തു ഏതാണ് ?
- എന്തുകൊണ്ടാണ് ഇവ കൂടുതൽ ഉൾപ്പെടുത്തിയിട്ടുണ്ടാവുക ?
- ഓരോ ഭക്ഷണവസ്തുവിലും ഏതെല്ലാം രൂപത്തിലാണ് ധാന്യകം അടങ്ങയിരിക്കുന്നത് പട്ടികപ്പെടുത്തുന്നു.

| | |
|---|---|
| അന്നജം | അരി |
| പഞ്ചസാര | അരി |
| ഗ്ലൂക്കോസ് | അരി, ഗോതമ്പ് |
| സെല്ലുലോസ് | അരി |

നാം സാധാരണ കഴിക്കുന്ന ഭക്ഷ്യവസ്തുക്കൾ ലിസ്റ്റ് ചെയ്യുന്നു.

അവയെ ധാന്യകം കൂടുതൽ അടങ്ങിയവ അല്ലാത്തവ തരം തിരിക്കുന്നു (വിലയിരുത്തൽ)

| ഭക്ഷ്യവസ്തു | ധാന്യകം കൂടുതൽ | ധാന്യകം കുറവ് / ഇല്ലാത്തവ |
|---|---|---|
| അരി<br>മുട്ട<br>ഏത്തപ്പഴം<br>കപ്പ<br>പാൽ | | |

## തുടർപ്രവർത്തനം

ലിസ്റ്റ് വിപുലീകരിക്കുന്നു. (വ്യക്തിഗതം)

## പരീക്ഷണം

ഭക്ഷ്യവസ്തുക്കളിൽ അന്നജം ഉണ്ടോ എന്ന് എങ്ങനെ കണ്ടെത്താം

പരീക്ഷണം നടത്തുന്നു (ഗ്രൂപ്പ്)

ഓരോ ഗ്രൂപ്പിനും, Test tube കഞ്ഞിവെള്ളം, അയഡിൻ ലായനി എന്നിവ നൽകുന്നു. ടെസ്റ്റ് ട്യൂബ് കഞ്ഞിവെള്ളത്തിൽ രണ്ടോ, മൂന്നോ തുള്ളി അയഡിൻ ലായനി ചേർക്കുന്നു. നിറം നിരീക്ഷിക്കുന്നു.

അന്നജം അയഡിൻ ലായനിയുമായി പ്രവർത്തിക്കുമ്പോൾ കടും നീല നിറം ഉണ്ടാകുന്നു.

തുടർന്ന് മുട്ട, പാൽ, കപ്പ, എത്തപ്പഴം തുടങ്ങിയവ ഇതേ രീതിയിൽ പരിശോധിക്കുന്നു. ഫലം പട്ടികയിൽ എഴുതുന്നു.

| ഭക്ഷ്യവസ്തു | അയഡിൻ ചേർന്നപ്പോൾ ഉണ്ടായ നിറം | നിഗമനം |
|---|---|---|
| മുട്ട<br>പാൽ<br>കപ്പ<br>ഏത്തപ്പഴം | | |

## തുടർപ്രവർത്തനം

കൂടുതൽ ഭക്ഷ്യവസ്തുക്കളിൽ പരീക്ഷണം നടത്തി പട്ടിക വിപുലീകരിക്കുന്നു.

## ക്രോഡീകരണം

ധാന്യങ്ങളിലും കിഴങ്ങുവർഗ്ഗങ്ങളിലുമാണ് അന്നജം കൂടുതൽ.

Reflection Note

# MODULE II

**മൊഡ്യൂൾ** : പ്രോട്ടീൻ, കൊഴുപ്പ്

**സമയം** : 6 പിരിയഡ്

**ആശയം/ധാരണ**

- ❖ ശരീരനിർമ്മിതിക്കും വളർച്ചയ്ക്കും സഹായകരമായ പ്രധാന അഹാരവസ്തുഘടകമാണ് പ്രോട്ടീൻ
- ❖ പ്രോട്ടീൻ കുറയുന്നത് വളർച്ച മുരടിക്കുന്നതിന് കാരണമാകുന്നു.
- ❖ പ്രോട്ടീന്റെ അഭാവം മൂലമുണ്ടാകുന്ന ഒരു രോഗമാണ് ക്വാഷിയോർക്കർ
- ❖ പരീക്ഷണങ്ങളിലൂടെ ഭക്ഷ്യവസ്തുക്കളിലെ പ്രോട്ടീൻ സാന്നിധ്യം തിരിച്ചറിയാം.
- ❖ ചില ഭക്ഷ്യവസ്തുക്കളിൽ പ്രോട്ടീൻ കൂടുതലടങ്ങിയിരിക്കുന്നു.
- ❖ രക്തത്തിൽ കൊഴുപ്പ് കൂടുന്നത് ഹൃദ്രോഗങ്ങൾക്ക് കാരണമാകുന്നു.

**പഠന നേട്ടങ്ങൾ**

- ❖ ആഹാരത്തിലെ പോഷകഘടകങ്ങളും അവ അടങ്ങിയ ഭക്ഷ്യവസ്തുക്കളും തിരിച്ചറിഞ്ഞ് പട്ടികപെടുത്താൻ കഴിയുന്നു.

**പ്രക്രിയാശേഷികൾ**

- ❖ പ്രോട്ടീൻ സാന്നിദ്ധ്യമുള്ള ഭക്ഷ്യവസ്തുക്കൾ പരീക്ഷണത്തിലൂടെ തിരിച്ചറിയുന്നു.
- ❖ കൊഴുപ്പുള്ള ഭക്ഷണങ്ങൾ തിരിച്ചറിയാൻ കഴിയുന്നു.

**മൂല്യമനോഭാവം**

- ❖ നല്ല രുചിയുള്ളതും തങ്ങൾക്ക് ഇഷ്ടമുള്ളതുമായ ഭക്ഷണമേ കഴിക്കൂ എന്നുള്ള ശീലം മാറ്റിയെടുക്കുന്നു.

**സാമഗ്രഹികൾ**

- ❖ കോഷർസൽഫേറ്റ്, ജലം, കാസറ്റിക് സോഡ, ഡ്രോപ്പർ, ബീക്കർ, കോഴിമുട്ടയുടെ വെള്ളക്കുരു, ടെസ്റ്റ് ട്യൂബ്, ഐ.സി.റ്റി,

**റഫറൻസ്** - TB, HB, ICT, ആരോഗ്യമാസിക

**സർഗവേളയിലേക്ക്**-

**ദിനാചരണങ്ങൾ** -

**CPTA** - ബോധവൽക്കണ ക്ലാസ് / പ്രോജക്ട്

**പ്രവർത്തനങ്ങൾ**

പട്ടികപെടുത്തൽ
പരീക്ഷണം
നിരീക്ഷണം
തരം തിരിക്കൽ

TB 60 ലെ കുട്ടികളുടെ ചിത്രം പരിചയപ്പെടുത്തുന്നു. ചിത്രത്തിൽ നിന്ന് എന്താണ് നിങ്ങൾക്ക് ഊഹിക്കാൻ കഴിയുക?

- ❖ രണ്ട് കുട്ടികളുടെ വളർച്ചയിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ?
- ❖ ആർക്കാണ് വളർച്ച കൂടുതൽ ?
- ❖ എന്തായിരിക്കും ഈ വ്യത്യാസത്തിന് കാരണം ?

ചർച്ചയിലൂടെ തുടങ്ങി 'വളർച്ചയ്ക്കു പിന്നിൽ' എന്ന് TB 60 ലെ വായനാക്കുറിപ്പ് പരിചയപ്പെടുത്തുന്നു. നിഗമനം രൂപീകരിക്കുന്നു.

- ❖ നിങ്ങളുടെ ശരീരഭാരം എത്രയാണ്.? ഓരോകുട്ടിയും ഊഹം പറയുന്നു. ശേഷം തൂക്കിനോക്കുന്നു.
- ❖ നിങ്ങൾക്ക് ഒരു ദിവസം എത്ര ഗ്രാം പോട്ടിൻ ആവശ്യമുണ്ട്.

ഓരോകുട്ടിയും തന്റെ തൂക്കത്തിനനുസരിച്ച് എത്ര ഗ്രാം പ്രോട്ടീൻ ദിവസവും ഭക്ഷണത്തിൽ ഉൾപ്പെടുത്തണം എന്ന് കണ്ടെത്തുന്നു.

**പ്രോട്ടീന്റെ അളവ് = ശരീരഭാരം x 1 gm**

ക്വാഷിയോർക്കർ എന്ന വായനാക്കുറിപ്പ് വായിക്കുന്നു. (TB 60) തുടർന്ന് ഏതൊക്കെ ഭക്ഷ്യവസ്തുക്കളിലാണ് പ്രോട്ടീൻ കൂടുതൽ അടങ്ങിയിരിക്കുന്നത് എന്ന് (TB 61) ലെ പട്ടികയുടെ അടിസ്ഥാനത്തിൽ ചർച്ച നടത്തുന്നു.

## സൂചകങ്ങൾ

- ❖ നിങ്ങൾക്ക് ആവശ്യമായ പ്രോട്ടീൻ ഒരു ദിവസം കഴിക്കുന്ന ആഹാരത്തിൽനിന്ന് ലഭിക്കുന്നുണ്ടോ?
- ❖ സ്കൂളിൽ ഉച്ചഭക്ഷണത്തിന് ചെറുപയർ നൽകുന്നതുകൊണ്ടുള്ള നേട്ടമെന്ത്?
- ❖ ഏറ്റവും കൂടുതൽ പ്രോട്ടീൻ അടങ്ങിയ ഭക്ഷണപദാർത്ഥം പട്ടികയിലേതാണ്.

സയൻസ് ഡയറയിൽ രേഖപ്പെടുത്തുന്നു. ഭക്ഷ്യവസ്തുക്കളിലെ പ്രോട്ടീൻ സാന്നിദ്ധ്യം എങ്ങനെ തിരിച്ചറിയാം ?

പരീക്ഷണം നടത്തുന്നു. (ഗ്രൂപ്പ്)

## സാമഗ്രഹികൾ

തുരിശ്, ജലം, ഡ്രോപ്പർ, സോഡിയം ഹൈഡ്രോക്സൈഡ്, ബിക്കർ, കോഴിമുട്ടയുടെ വെള്ളക്കുരു, ടെസ്റ്റ് ട്യൂബ്)

പ്രവർത്തനം

കോഴിമുട്ടയുടെ വെള്ളക്കുരു അൽപ്പം വെള്ളം ചേർത്ത് ഇളക്കുക, ഇത് ഒരു ടെസ്റ്റ് ട്യൂബിൽ കാൽ ഭാഗം എടുക്കുക. അതിലേക്ക് 1% വീര്യമുള്ള സോഡിയം ഹൈഡ്രോക്സൈഡ് ലായനി 8-10 തുള്ളി ചേർക്കുക. ഇളക്കിയശേഷം അതിലേക്ക് 1% വീര്യമുള്ള തുരിശു ലായനി രണ്ട് തുള്ളി ചേർക്കുക. വയലറ്റ് നിറം കാണുന്നുണ്ടെങ്കിൽ പ്രോട്ടീന്റെ സാന്നിധ്യം കൊണ്ടാണ്.

ഒരു ലിറ്റർ വെള്ളത്തിൽ ഏകദേശം 10 ഗ്രാം കോപ്പർസൾഫേറ്റ് ചേർത്താൽ 1% വീര്യമുള്ള കോപ്പർസൾഫേറ്റ് ലായിനി കിട്ടും

പരീക്ഷണം നടത്തി നിരീക്ഷണക്കുറിപ്പ് എന്റെ ശാസ്ത്ര പുസ്തകത്തിൽ എഴുതുന്നു.

## തുടർപ്രവർത്തനം

കോഴിമുട്ടയ്ക്ക് പകരം ചെറുപയർപൊടി, കടലപ്പൊടി തുടങ്ങിയവ ചേർത്ത്

ഇതേ പരീക്ഷണം നടത്തുന്നു, നിരീക്ഷണക്കുറിപ്പ് എന്റെ ശാസ്ത്രപുസ്തകത്തിൽ എഴുതുന്നു. it@school→edubuntu→schoolresourse ആഹാരവും ആരോഗ്യവും കാണിക്കുന്നു.

പരീക്ഷണം നടത്തി നിരീക്ഷണക്കുറിപ്പ് എന്റെ ശാസ്ത്ര പുതസകത്തിൽ എഴുതുന്നു.

## തുടർപ്രവർത്തനം

കോഴിമുട്ടയ്ക്ക് പകരം ചെറുപയർപൊടി, കടലപ്പൊടി തുടങ്ങിയവചേർത്ത് പരീക്ഷണം നടത്തുന്നു. നിരീക്ഷണക്കുറിപ്പ് എന്റെ ശാസ്ത്രപുസ്കത്തിൽ എഴുതുന്നു. it@school→edubuntu→schoolresourse ആഹാരവും ആരോഗ്യവും കാണിക്കുന്നു.

## തരം തിരിക്കാമോ ? (ഗ്രൂപ്പ്)

തന്നിരിക്കുന്ന ലിസ്റ്റിൽ നിന്ന് ഊർജ്ജം കൂടുതൽ ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളേയും ശരീര നിർമ്മിതിക്കും വളർച്ചയ്ക്കും സഹായിക്കുന്ന ഭക്ഷ്യവസ്തുക്കളേയും തരം തിരിക്കുന്നു.

(ചേന, മധുരക്കിഴങ്ങ്, ചെറുപയർ, വൻപയർ, പുട്ട്, ചപ്പാത്തി, പരിപ്പ്, മുട്ട, പത്തിരി, ഉരുളക്കിഴങ്ങ്, മത്തി)

| ഊർജ്ജംകൂടുതൽ ലഭിക്കുന്ന ഭക്ഷ്യവസ്തുക്കൾ | ശരീര നിർമ്മിതിക്കും വളർച്ചയ്ക്കും സഹായിക്കുന്ന ഭക്ഷ്യവസ്തുക്കൾ |
|---|---|
| | |

## കൊഴുപ്പ്

TB 61 ലെ ചിത്രം നിരീക്ഷിക്കുന്നു. ഈ ചിത്രത്തിൽ കാണുന്ന നെയ്യ്, എണ്ണ, സൂര്യകാന്തി എണ്ണ തുടങ്ങിയവയൊന്നും നാം നേരിട്ട് കഴിക്കുന്നില്ല പിന്നെ എങ്ങനെയാണ് ഇവ ശരീരത്തിനകത്ത് എത്തുന്നത് ?

- ഏതുതരം ആഹാരം കഴിക്കുമ്പോഴാണ് എണ്ണയും നെയ്യുമൊക്കെ ശരീരത്തിനകത്ത് എത്തുന്നത് ? ചർച്ച നടത്തുന്നു.
  തുടർന്ന് TB 62 ലെ 'കൊഴുപ്പില്ലെങ്കിൽ' എന്ന വായനാക്കുറിപ്പ് വായിക്കാൻ അവസരം നൽകുന്നു. തുടർന്ന് ചർച്ച.
- എല്ലാ ഭക്ഷ്യവസ്തുക്കളിലും കൊഴുപ്പുണ്ടോ?
- ഒരു ഭക്ഷ്യവസ്തുവിൽ കൊഴുപ്പുണ്ടോ എന്ന് എങ്ങനെ കണ്ടെത്താം.?
- വെണ്ട മുറിച്ചാൽ നല്ല വഴുവഴുപ്പുണ്ടല്ലോ? അപ്പോൾ വെണ്ടയിൽ കൊഴുപ്പില്ലേ ? റീഫയുടെ സംശയം തീർക്കാം.

## പരീക്ഷണം (ഗ്രൂപ്പ്) വിലയിരുത്തൽ

ഒരു വെള്ളപ്പേപ്പറിൽ ഏതാനും തുള്ളിഎണ്ണ വീഴ്ത്തി പേപ്പർ വെയിലത്തു വെച്ച് ഉണങ്ങിയ ശേഷം നിരീക്ഷിക്കുന്നു. എണ്ണ പറ്റിയ ഭാഗത്ത് വ്യത്യാസം കാണുന്നുണ്ടോ?

ഇതുപോലെ വെണ്ടയും പേപ്പറിൽ ഉരച്ച് നോക്കി പരീക്ഷണം ആവർത്തിക്കുന്നു. ഫലം രേഖപ്പെടുത്തുന്നു.

ഭക്ഷ്യവസ്തു ഒരു പേപ്പറിൽ ഉരയ്ക്കുക ഉണങ്ങിയ ശേഷം പേപ്പറിൽ എണ്ണയുടെ പാട് കാണുന്നുണ്ടെങ്കിൽ ആ ഭക്ഷ്യവസ്തുവിൽ കൊഴുപ്പ് അടങ്ങിയിരിക്കുന്നു.

### അധികമായാൽ

കൊളസ്ട്രോളിന്റെ ലാബ് റിപ്പോർട്ട് നോക്കാൻ അവസരം നൽകുന്നു. ഇത് നോക്കി കൊളസ്ട്രോളിന്റെ സാധാരണ ലെവൽ കണ്ടുപിടിക്കുന്നു.

| ലാബ് റിപ്പോർട്ട് | | |
|---|---|---|
| Test | Value | Normal |
| Blood Sugar | 80 | 70 - 110 mg/di |
| Cholstrol | 230 | up to 200 mg/di |

തുടർന്ന് കൊഴുപ്പും കൊളസ്ട്രോളും എന്ന വായനകുറിപ്പ് വായിക്കാൻ അവസരം നൽകുന്നു. തുടർന്ന് ചർച്ച

CD 5 (5) - Fat 5 (3) - Cholstrol

### സൂചകങ്ങൾ

- വറുത്തെടുത്ത ആഹാരവസ്തുക്കൾ നിങ്ങൾക്ക് കൂടുതൽ ഇഷ്ടമല്ലേ?
- ഇത് കൂടുതൽ കഴിച്ചാൽ കൊഴുപ്പിന്റെ അളവിൽ എന്ത് വ്യത്യാസമാണ് ഉണ്ടാവുക.

കൊളസ്ട്രോളിന്റെ അളവ് നിയന്ത്രി നിർത്തുന്നതിന് ആഹാരത്തിൽ എന്തു ക്രമീകരണം വരുത്തണം ? ശാസ്ത്രപുസ്തകത്തിൽ എഴുതുന്നു. it@school→edubuntu→schoolresourse ആരോഗ്യസമ്പത്ത് ഉപയോഗപ്പെടുത്തുന്നു. ഏതെല്ലാം ഭക്ഷ്യവസ്തുക്കൾ കഴിക്കുമ്പോൾ കൊഴുപ്പ് ശരീരത്തിലെത്തുന്നുണ്ട് ? പട്ടികയും TB യിലെ ചിത്രങ്ങളും നിരീക്ഷിച്ച്ചർച്ച നടത്തുന്നു. കണ്ടെത്തലുകൾ ശാസ്ത്രപുസ്തകത്തിൽ രേഖപ്പെടുത്തുന്നു.

| ഭക്ഷ്യവസ്തു (10ഗ്രാം) | കൊഴുപ്പ് (ഗ്രാം) |
|---|---|
| കടല | 5.3 |
| സോയാബീൻ | 19.5 |
| ബദാം | 58.9 |
| കശുവണ്ടി | 46.9 |
| നാളികേരം (പച്ച) | 41.6 |
| കൊപ്ര | 62.6 |
| നിലക്കടല | 40.1 |
| എള്ള് | 43.3 |
| കടുക് | 39.7 |
| പാൽ | 3.6 |
| എരുമപ്പാൽ | 8.8 |

## നിഗമനം

ഭക്ഷണത്തിൽ കൊഴുപ്പിന്റെ അളവ് കൂടുന്നത് ഭാരം കൂടുന്നതിനും ഹൃദയ രോഗങ്ങൾക്കും മറ്റു പലവിധ ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാവുന്നു. അതിനാൽ പ്രായമായ ആളുകളുടെ ഭക്ഷണത്തിൽ കൊഴുപ്പിന്റെ അളവ് നിയന്ത്രിക്കേണ്ടതുണ്ട്.

**തുടർപ്രവർത്തനം** (സർവ്വേ)

ഓരോ കുട്ടിയും അഞ്ച് വീടുകൾ സന്ദർശിച്ച് അവിടെയുള്ളവരുടെ രക്തത്തിലെ കൊഴുപ്പിന്റെ അളവ് ശേഖരിക്കുന്നു. (ലഭ്യമെങ്കിൽ) ക്ലാസിൽ ക്രോഡീകരിക്കുന്നു.

## Format

പേര് -

അഡ്രസ് -

സാധരാണകഴിക്കുന്ന ഭക്ഷണം -

വല്ലപ്പോഴും മാത്രം കഴിക്കുന്ന ഭക്ഷണം -

ബേക്കറി സാധനങ്ങൾ ഉപയോഗിക്കുന്നുണ്ടോ -

ബ്ലഡ് പ്രഷർ ഉണ്ടോ -

കൊളസ്ട്രോളിന്റെ അളവ് -

Reflection Note

# MODULE II

**മൊഡ്യൂൾ** : ജീവകങ്ങൾ, ധാതുലവണങ്ങൾ

**സമയം** : 6 പിരിയഡ്

**ആശയം/ധാരണ-**

- ❖ ശരിയായ ആരോഗ്യത്തിനും സുഗമമായ ശാരീരിക പ്രവർത്തനങ്ങൾക്കും ഒഴിച്ച് കൂടാനാവാത്ത ആഹാര ഘടകങ്ങളാണ് ധാതുലവണങ്ങളും വിറ്റാമിനുകളും.
- ❖ വിറ്റാമിനുകൾ പലതരമുണ്ട്
  ജലത്തിൽ ലഭിക്കുന്നവ, കൊഴുപ്പിൽ ലയിക്കാത്തവ
- ❖ ജലത്തിൽ ലയിച്ച് ശരീരത്തിലേക്ക് ആഗിരണം ചെയ്യപ്പെടുന്ന വിറ്റാമിനുകൾ
  ചില വിറ്റാമിനുകൾ ജലത്തിൽ ലയിച്ച് ശരീരത്തിലേക്ക് ആഗിരണം ചെയ്യുന്നവയും മറ്റു ചിലത് കൊഴുപ്പിൽ ലയിച്ച് ശരീരത്തിലേക്ക് ആഗിരണം ചെയ്യപ്പെടുന്നവയുമാണ്
- ❖ ധാതുലവണങ്ങൾ പലതരമുണ്ട്.
- ❖ ഓരോ ധാതുലവണവും ശരീരത്തിൽ വ്യത്യസ്ത ധർമ്മങ്ങൾ നിർവ്വഹിക്കുന്നു.

**പഠന നേട്ടങ്ങൾ**

- ❖ ആഹാരത്തിലെ പോഷകഘടകങ്ങളും അവ അടങ്ങിയ ഭക്ഷ്യവസ്തുക്കളും തിരിച്ചറിഞ്ഞ് പട്ടികപെടുത്താൻ കഴിയുന്നു.

**പ്രക്രിയാശേഷികൾ**

- ❖ വിറ്റാമിനുകളും ധാതുലവണങ്ങളും അടങ്ങിയ ഭക്ഷണപദാർത്ഥങ്ങൾ തിരിച്ചറിഞ്ഞ് ദൈനംദിന ജീവിതത്തിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കുന്നു.

**മൂല്യം/മനോഭാവം**

- ❖ നല്ല രുചിയുള്ളതും തങ്ങൾക്ക് ഇഷ്ടമുള്ളതുമായ ഭക്ഷണമേ കഴിക്കൂ എന്നുള്ള ശീലം മാറ്റിയെടുക്കുന്നു.

**സാമഗ്രഹികൾ**

- ❖ റഫറൻസ് പുസ്തകങ്ങൾ, പട്ടികകൾ, ചാർട്ടുകൾ, Power point presentation

**റഫറൻസ്** - TB, HB, ആരോഗ്യമാസികകൾ

**സർഗവേളയിലേക്ക്-**

**ദിനാചരണങ്ങൾ** -

**CPTA** -

**പ്രവർത്തനങ്ങൾ** -

പട്ടികപെടുത്തൽ

കുറിപ്പ് തയ്യാറാക്കൽ

## പ്രക്രിയ

നിങ്ങൾ ഒരു ദിവസം ഏതെല്ലാം പഴങ്ങളും പച്ചക്കറികളും കഴിക്കുന്നുണ്ട് ? ഒരുദിവസം എത്ര അളവിൽ കഴിക്കുന്നു.? പട്ടികപ്പെടുത്തുന്നു.

| പഴം/പച്ചക്കറി | അളവ് |
|---|---|
| പഴം | ഒന്ന് |
| ഓറഞ്ച് | ഒന്ന് |
| തക്കാളി | ഒന്ന് |
| പയർ | 50 ഗ്രാം |

തുടർന്ന് TB 61 ലെ 'പഠനറിപ്പോർട്ട്' വായിക്കാൻ അവസരം നൽകുന്നു. തുർന്ന് ചർച്ച

**സൂചകങ്ങൾ**

- ❖ പ്രായപൂർത്തിയായ ഒരിന്ത്യാക്കരാൻ ദിവസം എത്രഗ്രാം പച്ചക്കറി കഴിക്കണം?
- ❖ എന്നാൽ ഇന്ത്യയിൽ ഒരാൾ എന്തെല്ലാം പച്ചക്കറികൾ ഉൾപ്പെടുത്തുന്നുണ്ട് ?
- ❖ പഴങ്ങളും പച്ചക്കറികളും കഴിക്കേണ്ടതിന്റെ പ്രാധാന്യമെന്ത് ?

തുടർന്ന് 'ആരോഗ്യം' എന്ന വായനക്കുറിപ്പ് വായിക്കാൻ അവസരം നൽകുന്നു. TB 64 ലെ ചിത്രീകരണം പരിശോധിക്കുന്നു. ചിത്രീകരണം ചെയ്ത കുറിപ്പുകൾ തയ്യാറാക്കുന്നു.

**പട്ടിക പരിശോധിക്കുന്നു.**

| വെള്ളത്തിൽ ലയിക്കുന്നവ | കൊഴുപ്പിൽ ലയിക്കുന്നവ |
|---|---|
| വിറ്റാമിൻ - ബി | വിറ്റാമിൻ - എ |
| വിറ്റാമിൻ - സി | വിറ്റാമിൻ - ഡി |
| | വിറ്റാമിൻ - ഇ |
| | വിറ്റാമിൻ - കെ. |

ചർച്ച

**സൂചകങ്ങൾ** :

- ❖ വിറ്റാമിൻ എ യുടെ കുറവ് ഏതെല്ലാം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കും ?
- ❖ മോണയ്ക്ക് ആരോഗ്യക്കുറവുള്ള ഒരാൾ ഏതെല്ലാം ഇനങ്ങൾ ഭക്ഷണത്തിൽ കൂടുതലായി ഉൾപ്പെടുത്തണം ?
- ❖ ഭക്ഷണത്തിൽ കൊഴുപ്പ് തീരെ കുറഞ്ഞുപോയാൽ എന്താണ് പ്രശ്നം ?
- ❖ ആഹാരവസ്തുക്കൾ കഴിച്ച തുടങ്ങാത്ത പിഞ്ചുകുഞ്ഞുങ്ങളെ അല്പസമയം ഇളം വെയിൽ കൊള്ളിക്കാറുണ്ട്. എന്തിന് ?
- ❖ രക്തം കട്ടപിടിക്കാൻ സഹായിക്കുന്ന വിറ്റാമിനുകൾ ഏത് ?

കുറിപ്പുകൾ തയ്യാറാക്കുന്നു (വിലയിരുത്തൽ) it@school→edubuntu→schoolresourse ജീവകങ്ങൾ

TB ലെ വീട്ടമ്മ പറയുന്നത് വായിക്കുന്നു.

പച്ചക്കറികൾ മുറിച്ചതിന് ശേഷം ഞാൻ നന്നായി കഴുകി വെള്ളം ഊറ്റിക്കളയാറുണ്ട്

ചർച്ച നടത്തുന്നു

## സൂചകങ്ങൾ

- ❖ വീട്ടമ്മയുടെ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ?
- ❖ പച്ചക്കറികൾ മുറിക്കുന്നതിന് മുൻപ് കഴുകുന്നതാണോ മുറിച്ച ശേഷം കഴുകുന്നതാണോ നല്ലത് ? എന്തുകൊണ്ട് ?
- ❖ പഴങ്ങളും പച്ചക്കറികളും വേവിക്കുമ്പോൾ അടച്ചുവച്ച് വേവിക്കണം എന്ന് പറയുന്നതെന്തുകൊണ്ട് ?

ക്രോഡീകരിക്കുന്നു. ശാസ്ത്രപുസ്തകത്തിൽ രേഖപ്പെടുത്തുന്നു. തുടർന്ന് TB 65 ലെ ' അടച്ചുവെച്ചില്ലെങ്കിൽ' എന്ന വായനകുറിപ്പ് വായിക്കാൻ അവസരം നൽകുന്നു.

ധാതുലവണങ്ങൾ (Minerals)

TB 65 ലെ ചിത്രം നോക്കുന്നു. മോൾക്ക് ചെറിയ വിളർച്ചയുണ്ട്. ഇലക്കറികൾ നന്നായി കൊടുക്കണം എന്ന് ഡോക്ടർമാർ പറയുന്നു. ഇലക്കറികൾ കഴിച്ചാൽ വിളർച്ച മാറുന്നത് എങ്ങെനയാണ്.

TB 66 ലെ പട്ടിക നിരീക്ഷിക്കുന്നു. ചർച്ച നടത്തുന്നു.

## സൂചകങ്ങൾ

- ❖ ഏത് ഘടകത്തിന്റെ കുറവ് മൂലമാണ് കുട്ടിക്ക് വിളർച്ച ഉണ്ടായത് ?
- ❖ ആഹാരത്തിൽ ഇലക്കറിളുടെ കുറവ് എന്തെല്ലാം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകും.

രേഖപ്പെടുത്തുന്നു.

തുടർന്ന് ശരീരത്തിനാവശ്യമായ ധാതുലവണങ്ങളും മീനവയലുകളും പട്ടിക തയാറാക്കുന്നു.

സോഡിയം, പൊട്ടാസ്യം, കാത്സ്യം, ഫോസ്ഫറസ്, മഗ്നീഷ്യം, സൾഫർ, സിങ്ക്, കോപ്പർ, സ്റ്റെലെനിയം, ഫ്ളൂറിൻ, കോബാൾട്ട്, ക്രോമിയം, അയഡിൻ

it@school→edubuntu→schoolresourse ഡോക്ടർ ക്ലാസ്റൂമിൽ

തുടർപ്രവർത്തനം

ഇലകളിലെ ധാതുലവണങ്ങൾ -

പട്ടിക വിപുലീകരിക്കുന്നു.

Reflection Note

# MODULE IV

**മൊഡ്യൂൾ** : അപര്യാപ്തതാരോഗങ്ങൾ, സമീകൃതാഹാരം

**സമയം** : 7 പിരിയഡ്

**ആശയം/ധാരണ-**

- ❖ പോഷകങ്ങളുടെ കുറവ് മൂലമുണ്ടാകുന്ന രോഗങ്ങളാണ് പോഷക അപര്യാപ്തതരോഗങ്ങൾ
- ❖ പോഷകേതര ഘടകങ്ങളും ശരീത്തിൽ ചില ധർമ്മങ്ങൾ നിർവ്വ ഹിക്കുന്നു.
- ❖ ശരീരത്തിന് ആവശ്യമായ ഓരോ പോഷകഘടകങ്ങളും ആവ ശ്യമായ അളവിൽ അടങ്ങിയിരിക്കുന്ന ഭക്ഷണത്തെയാണ് സമീ കൃതആഹാരം എന്നു പറയുന്നത്.

**പഠന നേട്ടങ്ങൾ**

- ❖ പോഷകഅപര്യപ്തതാ രോഗങ്ങളുടെ കാരണം കണ്ടെത്തി പരി ഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ കഴിയുന്നു.
- ❖ സമീകൃതാഹാരം എന്നആശയം തിരിച്ചറിഞ്ഞ് ഭക്ഷണചാർട്ടു കൾ തയ്യാറാക്കാൻ കഴിയുന്നു.
- ❖ ഭക്ഷണശീലത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ കഴിയു ന്നു.

**പ്രക്രിയാശേഷികൾ** - ഭക്ഷണചാർട്ട് രൂപപ്പെടുത്തുന്നു.

**മൂല്യം/മനോഭാവം** - ഭക്ഷണശീലത്തിൽ മാറ്റം ആവശ്യമാണ് എന്ന് തിരിച്ചറിയുന്നു.

**സാമഗ്രഹികൾ** - TB, പട്ടിക

**ഉൽപ്പന്നങ്ങൾ** - പട്ടികകൾ, കുറിപ്പുകൾ, ഭക്ഷണചാർട്ട്.

**റഫറൻസ്** - TB,TT, ICT, ആരോഗ്യമാസികൾ

**സർഗവേളയിലേക്ക്-**

**ദിനാചരണങ്ങൾ** -

CPTA - ഭക്ഷണചാർട്ട്

**<u>പ്രവർത്തനങ്ങൾ</u>**

പട്ടിക വിശകലനം

നിഗമനം

ഭക്ഷണചാർട്ട് തായ്യാറാക്കൽ

## പ്രക്രിയ

പോഷകങ്ങൾ കുറയുന്നതുകൊണ്ട് രോഗങ്ങൾ ഉണ്ടാവില്ലേ ?

അതിന്റെ ലക്ഷണങ്ങൾ എന്തെല്ലാമാവാം ?

പട്ടിക പരിശോധിക്കുന്നു.

| പോഷക ഘടകം | അപര്യാപ്ത രോഗം | ലക്ഷണം |
|---|---|---|
| വിറ്റാവിൻ എ | നിശാന്ധത | മങ്ങിയ പ്രകാശത്തിൽ കാണാൻ കഴിയില്ല |
| വിറ്റാമിൻ ബി | വായ്പുണ്ണ് | വായിൽ വ്രണങ്ങൾ |
| വിറ്റാമിൻ സി | സ്കർവി | മോണയിൽ പഴുപ്പും രക്തസ്രാവവും |
| വിറ്റാമിൻ ഡി | കണ | അസ്ഥികൾ കനം കുറഞ്ഞ് പൊട്ടുക |
| ഇരുമ്പ് | അനീമിയ | രക്തക്കുറവ്, വിളർച്ച് |
| അയഡിൻ | ഗോയിറ്റർ | തൊണ്ടയിൽ മുഴ |

പട്ടിക വിശകലനം ചെയ്യുന്നു.

നിഗമനങ്ങൾ ശാസ്ത്രപുസ്തകത്തിൽ എഴുതുന്നു.

'പോഷക അപര്യാപ്തതാ രോഗങ്ങൾ' എന്ന് വായനകുറിപ്പ് വായിക്കുന്നു.

**ദാരിദ്ര്യവും തെറ്റായ ഭക്ഷണ ക്രമവുമാണ് പോഷക അപര്യാപ്ത രോഗങ്ങൾക്ക് കാരണവാമുന്നത്**

ഈ രോഗങ്ങൾ വരാതിരിക്കാൻ എന്ത് ചെയ്യണം ?

ചർച്ച നടത്തുന്നു.

### സൂചകങ്ങൾ

- ഈ പോഷകഘടങ്ങൾ എവിടെ നിന്നാണ് ലഭിക്കുന്നത്.
- പഴങ്ങളും പച്ചക്കറികളും ഭക്ഷണത്തിൽ ഉൾപ്പെടുത്തിയാൽ ഇതിന് പരിഹാരമാവുമോ ?

TB 67 ലെ ജലം, നാരുകൾ എന്നീ വായനകുറിപ്പുകൾ അവതരിപ്പിക്കുന്നു. തുടർന്ന് ചർച്ച നടത്തുന്നു.

### സൂചകങ്ങൾ

- നിങ്ങൾ ദിവസേന എത്ര ഗ്ലാസ് വെള്ളം കുടിക്കുന്നുണ്ട്
- മറ്റേതെല്ലാം ഭക്ഷണപദാർത്ഥങ്ങളിലൂടെ ജലം നിങ്ങളുടെ ശരീരത്തിൽ ലഭിക്കുന്നു.
- നാരുകൾ തീരെ കുറവുള്ള മൈദ ഉപയോഗിച്ചുണ്ടാക്കിയ ആഹാരം കൂടുതൽ കഴിക്കുമ്പോൾ ഉണ്ടാവുന്ന പ്രശ്നങ്ങൾ എന്തെല്ലാം ?

ശാസ്ത്ര പുസ്തകത്തിൽ രേഖപ്പെടുത്തുന്നു. അവതരിപ്പിക്കുന്നു. ക്രോഡീകരിക്കുന്നു.

## ആഹാരം തിരഞ്ഞെടുക്കുമ്പോൾ

TB 68 ലെ "കുട്ടികൾ പറയുന്നത്" വായിക്കുന്നു തുടർന്ന് ചർച്ച

## സൂചകങ്ങൾ

- ഇഷ്ടമുള്ള ഭക്ഷണം മാത്രം കഴിച്ചാൽ എല്ലാ പോഷകഘടകങ്ങളും ലഭിക്കുമോ?
- എല്ലാ ഭക്ഷ്യവസ്തുക്കളും ഒരേ അളവിലാണോ കഴിക്കേണ്ടത് ?
- എന്തിനാണ് ഭക്ഷണത്തിൽ പലപല വിഭവങ്ങൾ ഉൾപ്പെടുത്തുന്നത് ?

### ക്രോഡീകരണം

ശരീരത്തിന് ആവശ്യമായ എല്ലാ പോഷക ഘടകങ്ങളും ഒരു ഭക്ഷ്യവസ്തുവിൽ മാത്രം അടങ്ങിയിട്ടില്ല, വിവിധ ഭക്ഷ്യവസ്തുക്കളിൽ വിവിധ അളവിലാണ് പോഷകഘടകങ്ങൾ അടങ്ങിയിട്ടുള്ളത്.

ശരീരത്തിനുവേണ്ട എല്ലാ പോഷകഘടകങ്ങളും ആവശ്യമായ അളവിൽ അടങ്ങിയിരിക്കുന്ന ഭക്ഷണത്തെയാണ് സമീകൃതാഹാരം എന്ന് പറയുന്നത്

TB 69 ലെ ഭക്ഷണചാർട്ട് പരിശോധിക്കുന്നു.

അവരുടെ ഭക്ഷണമാണ് കൂടുതൽ സമീകൃതമായത് ? എന്തുകൊണ്ട് ?

വൈവിധ്യമാർന്ന ഭക്ഷണചാർട്ട് നിങ്ങൾക്ക് സ്വന്തമാക്കാമോ ?

## പ്രവർത്തനം

TB 68 ലെ ധയഗം, TB 69 ലെ കിഴങ്ങുകളും, ഇലക്കറികളും പട്ടിക, TB 70 പഴങ്ങൾ പട്ടിക എന്നിവ പ്രയോജനപ്പെടുത്തി ഭക്ഷണചാർട്ട് തയ്യാറാക്കുന്നു. (ഗ്രൂപ്പ്) അവതരിപ്പിക്കുന്നു.

തുടർന്ന് 'അവിയൽ' (TB 70) എന്ന വായനാക്കുറിപ്പ് പരിചയപ്പെടുത്തുന്നു. ചർച്ച നടത്തുന്നു.

- നിങ്ങൾ തയ്യാറാക്കിയ ഭക്ഷണചാർട്ടിൽ അവിയൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?
- അവിയൽ ഭക്ഷണത്തിൽ ഉൾപ്പെടുത്തുവാൻ ഏതെല്ലാം പോഷകഘടകങ്ങൾ ലഭിക്കുന്നു.
- നിങ്ങൾ ഇപ്പോൾ കഴിക്കുന്ന ആഹാരശീലങ്ങളിൽ ഏതെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ?

നിഗമനം ശാസ്ത്രപുസ്തകത്തിൽ രേഖപ്പെടുത്തുന്നു. തുടർന്ന് TB 71, 72 ലെ വിലയിരുത്തൽ പ്രവർത്തനങ്ങൾ നടത്തുന്നു.

## തുടർപ്രവർത്തനങ്ങൾ

1 TB 72 ലെ ഉയരം, തൂക്കം പട്ടിക പരിശോധിക്കുന്നു. കുട്ടികൾ അവരുടെ ഉയരവും തൂക്കവും നോക്കുന്നു. പട്ടികയുമായി താരതമ്യം ചെയ്യുന്നു. തനിക്ക് ആവശ്യമായ ഉയരവും തൂക്കവും ഉണ്ടോ എന്ന് പരിശോധിക്കുന്നു.

2. വിവിധ ഭക്ഷണ വിഭവങ്ങളുടെ പാചകകുറിപ്പ് ശേഖരിച്ച് പതിപ്പ് തയ്യാറാക്കുന്നു.

3. സ്കൂൾ ഉച്ചഭക്ഷണം കൂടുതൽ സമീകൃതമാക്കുവാൻ നിർദ്ദേശങ്ങൾ തയ്യാറാക്കി എച്ച്.എം. ന് സമർപ്പിക്കുന്നു.

4. TT 13 ലെ വർക്ഷീറ്റ് പൂർത്തീകരിക്കുന്നു.




# www.sastrasahayi.blogspot.in



# CATALYST

## SCIENCE CLUB

## NILAMBUR



## യൂണിറ്റ് 8

## തിങ്കളും താരങ്ങളും

ഭൂമി സ്വയം കറങ്ങുന്നു,സൂര്യനെ ചുറ്റുന്നു,ചന്ദ്രൻ ഭൂമിയെ ചുറ്റുന്നു തുടങ്ങിയ കാര്യങ്ങൾ അനുഭവവേദ്യമാകുന്നത് ആകാശനിരീക്ഷണത്തിലൂടെയാണ്. അതിന് അവസരം നൽകുന്നതോടൊപ്പം പ്രകാശപ്രതിഭാസങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്യാനും പരീക്ഷണങ്ങൾ ചെയ്യാനും ICT ഉപയോഗപ്പെടുത്തുവാനും ഈ യൂണിറ്റ് ലക്ഷ്യമിടുന്നു.

ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾ, ഭൂമിയിൽ നിന്ന് എപ്പോഴും ചന്ദ്രന്റെ ഒരേ മുഖം മാത്രം കാണുന്നതിനുള്ള കാരണം തുടങ്ങിയ അമൂർത്താശയങ്ങൾ കുട്ടികളിലെത്തിക്കാൻ ആവർത്തന പരീക്ഷണങ്ങൾക്കുള്ള സാധ്യതകളും ഈ യൂണിറ്റിൽ പരാമർശിക്കുന്നു.

**മൊഡ്യൂൾ 1**

രാത്രിയും പകലും സൂര്യന്റെ ഉദയാസ്തമയങ്ങളും

**പഠനനേട്ടങ്ങൾ**

- സൂര്യൻ കിഴക്കുദിച്ച് പടിഞ്ഞാറ് അസ്തമിക്കുന്നതായി തോന്നുന്നത് ഭൂമിയുടെ ഭ്രമണം മൂലമാണെന്ന് വിശദീകരിക്കാൻ കഴിയുന്നു
- ഭൂമിയുടെ ഭ്രമണം, ചന്ദ്രന്റെ പരിക്രമണം, എന്നിവ സൂചിപ്പിക്കുന്ന ഉപകരണങ്ങൾ നിർമ്മിക്കാൻ കഴിയും

**ആശയം / ധാരണ**

- ഭൂമിയുടെ ഭ്രമണം
- രാത്രിയും പകലും
- സൂര്യോദയവും അസ്തമയവും

**പ്രക്രിയാശേഷികൾ**

- പരീക്ഷണം ചെയ്യൽ
- നിരീക്ഷണം
- നിഗമനങ്ങൾ രൂപീകരിക്കൽ

**മൂല്യങ്ങൾ / മനോഭാവങ്ങൾ**

പ്രകൃതി പ്രതിഭാസങ്ങളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുന്നു. വാന നിരീക്ഷണത്തിൽ താൽപര്യം ജനിക്കുന്നു

| പ്രവർത്തനങ്ങൾ | സാമഗ്രികൾ |
|---|---|
| 1. രാത്രിയും പകലും | ഗ്ലോബ്, സ്റ്റീൽ കമ്പി, ബൾബ് പ്രകാശിക്കാനുള്ള സംവിധാനം |
| 2. ഉദയവും അസ്തമയവും | ഗ്ലോബ്, മൊട്ടുസൂചി, സെല്ലോടേപ്പ്, വിവിധ നിറത്തിലുള്ള പൊട്ടുകൾ |
| | ഗ്ലോബ്, തെർമോക്കോൾ |
| 3. ഉദയവും അസ്തമയവും | |

**പ്രതീക്ഷിക്കുന്ന ഉൽപന്നങ്ങൾ**

രാത്രിയും പകലും ഉ ാവുന്നത്-പ്രവർത്തന മാതൃക, പട്ടികകൾ, കുറിപ്പുകൾ

ദിനാചരണം

**സർഗവേള**-ചന്ദ്രനെക്കുറിച്ചുള്ള കവിതകൾ/പാട്ടുകൾ CPTA

റഫറൻസ് TB,NB,CD

**പ്രവർത്തനങ്ങൾ** :

ടി.ബി പേജ് നം 100 ഡയറിക്കുറിപ്പ് കുട്ടികൾ വ്യക്തിഗതമായി വായിക്കട്ടെ. ഇതുപോലെ കുട്ടികൾക്കു ായ സംശയങ്ങളുമായി ബന്ധപ്പെട്ട ചർച്ചയിലുടെ പാഠഭാഗത്തേയ്ക്ക് കടക്കാം.

- ICT പ്രയോജനപ്പെടുത്താം
- `ഭൂമി,സൂര്യൻ,ചന്ദ്രൻ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വ്യക്തിഗതമായി രേഖപ്പെടുത്തുന്നു

- കൂട്ടിച്ചേർക്കലുകൾ നടത്തുന്നു

രാത്രിയും പകലും

- രാവും പകലും ഉ   ാകുന്നതെങ്ങനെയാണ്?
- ഭൂമിയിൽ എല്ലായിടത്തും ഒരേ സമയം പ്രകാശം പതിക്കുന്നു   ാ?

ഒരു പ്രവർത്തനം ചെയ്യാം

ഗ്ലോബിന്റെ സ്റ്റാൻഡ് നീക്കം ചെയ്ത് പ്രകാശിക്കുന്ന ബൾബിനു ചുവട്ടിൽ ഉത്തരധ്രുവം വടക്കുഭാഗത്തേക്കു വരത്തക്കവിധം തൂക്കിയിടുക. ബൾബും ഗ്ലോബും എന്തിനെ സൂചിപ്പിക്കുന്നുവെന്ന് വ്യക്തമാക്കണം.പ്രകാശം പതിക്കുന്ന ഭാഗത്തും പ്രകാശം പതിക്കാത്ത ഭാഗത്തും നിരീക്ഷിക്കുക. ഗ്ലോബ് തിരിക്കുമ്പോൾ ഇരുട്ടുള്ള ഭാഗം പ്രകാശത്തിലേക്ക് വരുന്നതും പ്രകാശം പതിച്ചിരുന്ന ഭാഗം ഇരുട്ടിലേക്ക് മാറു ന്നതും നിരീക്ഷിക്കുക. (ICT – CD 2 പ്രയോജനപ്പെടുത്തുക)

ഗ്ലോബ് ഇടത്തോട്ടു തിരിക്കുമ്പോൾ കറക്കം ഏതു ദിശയിൽ നിന്ന് ഏതു ദിശയിലേ ക്കാണ്

TB യിൽ രേഖപ്പെടുത്തുന്നു

കെ   ത്തലുകൾ ശാസ്ത്രപുസ്തകത്തിൽ രേഖപ്പെടുത്തുന്നു

| |
|---|
| ഭൂമി പടിഞ്ഞാറു നിന്ന് കിഴക്കോട്ട് ഭ്രമണം ചെയ്യുന്നു. ഭൂമിയുടെ കറക്കം മൂലമാണ് രാത്രിയും പകലും മാറി മാറി വരുന്നത് |

ഉദയവും അസ്തമയവും CD 2

സൂര്യൻ കിഴക്കുദിച്ച് പടിഞ്ഞാറ് അസ്തമിക്കുന്നതായിട്ടാണ് നാം കാണുന്നത്. പിറ്റേന്ന് രാവിലെ വീ   ും കിഴക്കുദിക്കുന്നു. പടിഞ്ഞാറ് അസ്തമിക്കുന്ന സൂര്യൻ എങ്ങനെയാണ് വീ   ും കിഴക്കുദിക്കുന്നത്?

പ്രവർത്തനം (ഗ്രൂപ്പ്)

- ഗ്ലോബിൽ നമ്മുടെ സ്ഥാനം കെ   ത്തുക. ആ സ്ഥാനത്ത് ഒരു മൊട്ടുസൂചി കിഴക്ക് പടിഞ്ഞാറ് വരത്തക്കവിധം സെല്ലോടേപ്പ് ഉപയോഗിച്ച് ഒട്ടിക്കുക
- സൂചിയുടെ മുകളിലെ അഗ്രത്തിൽ ചുവപ്പും മധ്യത്തിൽ വെള്ളയും താഴെ അഗ്രത്തിൽ പച്ചയും നിറങ്ങളിലുള്ള ചെറിയ പൊട്ടുകൾ ഒട്ടിക്കുക
- വെളുത്ത പൊട്ടിലാണ് നിങ്ങൾ എന്ന് സങ്കൽപ്പിക്കുക

- അപ്പോൾ അഗ്രഭാഗത്തിലെ പൊട്ടുകൾ കിഴക്കും പടിഞ്ഞാറുമായിരിക്കും
- കിഴക്കുഭാഗത്തുള്ള പൊട്ടിന്റെ നിറവും പടിഞ്ഞാറുഭാഗത്തെ പൊട്ടിന്റെ നിറവും ശ്രദ്ധിക്കുക

ബൾബ് പ്രകാശിപ്പിച്ച് ഗ്ലോബ് സാവധാനം ഇടത്തോട്ട് തിരിക്കുക. ഏതെല്ലാം സ്ഥാനങ്ങളിൽ വെളുത്ത പൊട്ട് വരുമ്പോഴാണ് ഉദയം,നട്ടുച്ച,അസ്തമയം എന്ന് നിരീക്ഷിക്കുക

കണ്ടെത്തലുകൾ പട്ടികപ്പെടുത്തുക TB പേജ് നം 101

നിഗമനം എഴുതുക

| |
|---|
| ഭൂമിയുടെ കറക്കം കാരണം ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് കടക്കുന്ന പ്രദേശത്തുകാർക്ക് ഉദയവും വെളിച്ചത്ത് നിന്ന് ഇരുട്ടിലേക്ക് പ്രവേശിക്കുന്നവർക്ക് അസ്തമയവും അനുഭവപ്പെടുന്നു CD 2,4 |

**പ്രവർത്തനം**

തെർമോക്കോളിൽ കുട്ടികളുടെ രൂപം വെട്ടിയുണ്ടാക്കി (ABC) ഗ്ലോബിന്റെ മൂന്ന് ഭാഗങ്ങളിലായി ഒട്ടിക്കുക. TB പേജ് നം 102

ഓരോ കുട്ടിയുടേയും കിഴക്കും പടിഞ്ഞാറും ഏതാണ്?

നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പട്ടിക പൂർത്തിയാക്കുക.

| | | |
|---|---|---|
| 1 | ഏതു സ്ഥാനത്ത് നിൽക്കുന്ന കുട്ടിയാണ് സൂര്യോദയം കാണുന്നത് | |
| 2 | A സൂര്യനെ കാണുന്നത് ഏതു ദിശയിലാണ്? | |
| 3 | ഏതു സ്ഥാനത്ത് നിൽക്കുന്ന കുട്ടിക്കാണ് നട്ടുച്ച അനുഭവപ്പെടുന്നത്? | |
| 4 | B സൂര്യനെ കാണുന്നത് എവിടെയാണ്? | |
| 5 | ഏതു സ്ഥാനത്ത് നിൽക്കുന്ന കുട്ടിയാണ് അസ്തമയം കാണുന്നത്? | |
| 6 | C സൂര്യനെ കാണുന്നത് ഏതു ദിശയിലാണ്? | |

പട്ടിക വിശകലനം ചെയ്ത് എത്തിച്ചേരാവുന്ന നിഗമനങ്ങൾ എന്തെല്ലാമാണ്?

- ഉത്തരധ്രുവത്തിനടുത്ത് നിന്ന് ഗ്ലോബ് കറക്കി നോക്കി ഓരോ സ്ഥാനത്തുള്ള വർക്കും ഉദയവും അസ്തമയവും അനുഭവപ്പെടുന്നു േ ായെന്ന് നിരീക്ഷി ക്കുക
- ഓരോ സമയത്തും (പ്രഭാതം,ഉച്ച,വൈകുന്നേരം)സൂര്യന്റെ സ്ഥാനം എവിടെ യാണ്?

| |
|---|
| പ്രഭാതത്തിൽ കിഴക്കു കാണുന്ന സൂര്യനും ഉച്ചയ്ക്ക് തലക്കു മുകളിൽ കാണുന്ന സൂര്യനും വൈകിട്ട് പടിഞ്ഞാറ് അസ്തമിക്കുന്ന സൂര്യനും ഒരേ സ്ഥാനത്ത് തന്നെയാണ്. ഭൂമിയുടെ ഭ്രമണമാണ് ഉദയാസ്തമയങ്ങൾക്കു കാരണം CD 2,4 |

Work sheet 1 TT page no 178

## മൊഡ്യൂൾ 2

## <u>ചന്ദ്രന്റെ പരിക്രമണവും വൃദ്ധിക്ഷയവും</u>

**പഠനനേട്ടങ്ങൾ**

- ചന്ദ്രൻ ഭൂമിയെ പരിക്രമണം ചെയ്യുന്നത് മൂലമാണ് ഓരോ ദിവസനും നാം ചന്ദ്രനെ കാണുന്ന സ്ഥാനം മാറി മാറി വരുന്നതെന്ന് വിശദീകരിക്കാൻ കഴിയുന്നു
- ചന്ദ്രന് വൃദ്ധിക്ഷയമു ാകുന്നതെങ്ങനെയെന്ന് വിശദീകരിക്കാൻ കഴിയുന്നു
- ചന്ദ്രന്റെ ഒരു മുഖം മാത്രം ഭൂമിക്ക് അഭിമുഖമായി വരുന്നത് എന്തുകൊ ന്ന് വിശദീകരിക്കാൻ കഴിയുന്നു
- ഭൂമിയുടെ ഭ്രമണം,ചന്ദ്രന്റെ പരിക്രമണം എന്നിവ സൂചിപ്പിക്കുന്ന ഉപകരണങ്ങൾ നിർമ്മിക്കാൻ കഴിയുന്നു

**ആശയം / ധാരണകൾ**

1. ചന്ദ്രന്റെ പരിക്രമണം
2. ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾ
3. ചന്ദ്രന്റെ ഒരു മുഖം മാത്രം എപ്പോഴും ഭൂമിക്ക് അഭിമുഖമായി വരുന്നു

**പ്രക്രിയാശേഷികൾ**

1. പരീക്ഷണങ്ങൾ ചെയ്യൽ
2. ഉപകരണങ്ങൾ രൂപകൽപ്പന ചെയ്യൽ
3. നിഗമനങ്ങൾ രൂപീകരിക്കൽ
4. ദത്തങ്ങൾ വ്യാഖ്യാനിക്കൽ

**മൂല്യങ്ങൾ/മനോഭാവങ്ങൾ**

പ്രകൃതി പ്രതിഭാസങ്ങളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുന്നു. വാന നിരീക്ഷണത്തിൽ താൽപര്യം ജനിക്കുന്നു

| പ്രവർത്തനങ്ങൾ | സാമഗ്രികൾ |
|---|---|
| 1. അമ്പിളിക്കലയുടെ പൊരുൾ | ചിരിക്കുന്ന മുഖമുള്ള അഞ്ച് മഞ്ഞ പ്ലാസ്റ്റിക് പന്തുകൾ, അഞ്ച് സ്ഫടിക ഗ്ലാസ്, അഞ്ച് സ്റ്റൂൾ, എമർജൻസി ലാമ്പ് |
| 2. ചന്ദ്രന്റെ ഭ്രമണ സവിശേഷത | റീപ്പർ (30 സെ മീ, 10 സെ മീ) , ചിരിക്കുന്ന മുഖമുള്ള മഞ്ഞ പന്ത്–2, ചെറിയ ഗ്ലോബ് സ്റ്റാൻഡ് നീക്കം ചെയ്തത്, കുടക്കമ്പി, ഗം ടേപ്പ് |

പ്രതീക്ഷിക്കുന്ന ഉൽപ്പന്നങ്ങൾ

പട്ടികകൾ,കുറിപ്പുകൾ,പരീക്ഷണ ഉപകരണം

പ്രക്രിയ

അമ്പിളിയുടെ ആകാശപാത

ആകാശത്ത് ചന്ദ്രനെ കാണുന്ന സ്ഥാനങ്ങളെക്കുറിച്ച് ചർച്ച

- സൂര്യൻ കിഴക്കുദിച്ച് പടിഞ്ഞാറ് അസ്തമിക്കുന്നതാണല്ലോ നാം കാണുന്നത്. ചന്ദ്രനെ നിത്യവും ഇങ്ങനെ കാണുന്നുേ ാ?
- ഇന്നലെ സന്ധ്യക്ക് എവിടെയാണ് ചന്ദ്രനെ ക ത്?
- ചന്ദ്രനെ സൂര്യാസ്തമയ സമയത്ത് എന്നും ഒരേ സ്ഥാനത്താണോ കാണാറുള്ളത്?

- ചന്ദ്രനെ ഓരോ ദിവസവും വ്യത്.സ്തസ്ഥാനങ്ങളിൽ കാണപ്പെടുന്നതിന്റെ രഹസ്യം എന്താണ്?

അധികവായന – ടീച്ചർ അറിയാൻ ഉപയോഗപ്പെടുത്തജശ

ക്രോഡ്രീകരണം

ചന്ദ്രനെ നിരീക്ഷിക്കാം (ICT – CD 3 ഉപയോഗപ്പെടുത്താം)

TB 103 ലെ അപ്പു നിരീക്ഷിച്ച ചന്ദ്രന്റെ സ്ഥാനങ്ങൾ നിരീക്ഷിക്കുന്നു

- ചന്ദ്രനെ കാണുന്ന സ്ഥാനത്തിന് മാറ്റം വരുന്നുേ ാ?
- ഏതു ദിശയിലേക്കാണ് സ്ഥാനമാറ്റം സംഭവിക്കുന്നത്?

ക്രോഡ്രീകരണം

| |
|---|
| ചന്ദ്രൻ ഭൂമിയെ പരിക്രമണം ചെയ്യുന്നതുകൊ ാണ് ഓരോ ദിവസവും ചന്ദ്രന്റെ സ്ഥാനം മാറി മാറി കാണുന്നത്. 27 1/3 ദിവസം കൊ ാണ് ചന്ദ്രൻ ഭൂമിക്ക് ചുറ്റും ഒരു പരിക്രമണം പൂർത്തിയാക്കുന്നത് |

അമ്പിളിക്കലയുടെ പൊരുൾ

ചന്ദ്രന്റെ ആകൃതിയെക്കുറിച്ച് ആമുഖ ചർച്ച

പ്രവർത്തനം

TB 103–104 പ്രവർത്തനം ചെയ്യുന്നു

